# പ്രമേയം 3.

# മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച് കിടന്ന ഒരു സാമ്രാജ്യം

# (An Empire Across Three Continents)

**1.റോമാസാമ്രാജ്യവും ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.**

റോമാസാമ്രാജ്യം :

- റോമാസാമ്രാജ്യത്തിൽ അനേകം സംസ്കാരങ്ങൾ നിലനിന്നിരുന്നു.റോമാസാമ്രാജ്യത്തിൽ ധാരാളം ഭാഷകൾ ഉപയോഗിച്ചിരുന്നു.ഗ്രീക്ക്,ലാറ്റിൻ എന്നിവയായിരുന്നു ഭരണഭാഷകൾ. റോമൻ സൈന്യം ഒരു പ്രൊഫഷണൽ സൈന്യം ആയിരുന്നു.ഒരു പൊതു ഗവൺമെന്റ് ഉണ്ടായിരുന്നു.

ഇറാനിയൻ സാമ്രാജ്യം:

- ഇറാനിലെ ജനങ്ങൾ ഇറാനിയൻ വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. ഇറാനിയന്മാർ അരാമയ്ക്ക് ഭാഷ ഉപയോഗിച്ചിരുന്നു . ഇറാനിയൻ സാമ്രാജ്യത്തിൽ നിർബന്ധിതമായാണ് സൈനീകരെ നിയമിച്ചിരുന്നത്.ഒരു പൊതു ഗവണ്മെന്റ് ഉണ്ടായിരുന്നില്ല.

**2.റോമൻ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ മൂന്ന് പ്രധാനികൾ ആരെല്ലാമായിരുന്നു ?**

റോമാസാമ്രാജ്യത്തിലെ മൂന്ന് പ്രധാനികളാണ് ചക്രവർത്തിയും, സെനറ്റും , സൈന്യവും.

- റോമാസാമ്രാജ്യത്തിലെ എല്ലാ അധികാരത്തിന്റെയും കേന്ദ്രമായിരുന്നു ചക്രവർത്തി.
- ചക്രവർത്തിക്ക് തൊട്ടടുത്തുള്ള സ്ഥാനം സെനറ്റിനായിരുന്നു.റോമിലെ ഭൂവുടമകളും കുലീനന്മാരുമായ ധനിക കുടുംബാംഗങ്ങളും ഉൾക്കൊള്ളുന്ന സമിതി ആയിരുന്നു സെനറ്റ് . പ്രഭു കുടുംബത്തിലെ അംഗങ്ങൾക്കു മാത്രമേ സെനറ്റിൽ അംഗത്വം ലഭിച്ചിരുന്നുള്ളൂ.

- ചക്രവർത്തിയും സെനറ്റും കഴിഞ്ഞാൽ സാമ്രാജ്യത്തിലെ ഏറ്റവും പ്രധാന സ്ഥാപനം സൈന്യമായിരുന്നു.റോമൻ സൈന്യം ഒരു പ്രൊഫഷണൽ സൈന്യ മായിരുന്നു.25 വർഷമെങ്കിലും സേവനമനുഷ്ഠിക്കാൻ തയ്യാറായ റോമൻ പട്ടാള ക്കാർക്ക് വേതനം നൽകിയിരുന്നു.

**3. റോമാ സാമ്രാജ്യത്തിലെ മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധിയെ ചൂണ്ടിക്കാണിക്കുക.**

- ഒന്നും രണ്ടും നൂറ്റാണ്ടുകൾ റോമാ സാമ്രാജ്യത്തിനു സമാധാനത്തിന്റെയും സാമ്പത്തിക വികാസത്തിന്റെയും കാലഘട്ടമായിരുന്നു. മൂന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും റോമാ സാമ്രാജ്യം ചില പ്രതിസന്ധികളെ നേരിട്ടു.

ഇറാനിയന്മാരുടെ ആക്രമണം

- C E 225 ൽ സസ്സാനിയാൻ രാജവംശം ഇറാനിൽ അധികാരത്തിൽ വന്നു. ഇറാനിലെ ഭരണാധികാരിയായിരുന്ന ഷപൂർ ഒന്നാമൻ 60000 റോമൻ സൈന്യത്തെ നശിപ്പിച്ചതായും കിഴക്കൻ തലസ്ഥാനമായ ആന്റിയാക്ക് പിടിച്ചെടുത്തതായും ഒരു ശിലാശാസനത്തിൽ പറയുന്നുണ്ട്.

ബാർബേറിയന്മാരുടെ ആക്രമണം

- റോമാസാമ്രാജ്യത്തിന്റെ വടക്കേ അതിർത്തിയിൽ താമസിച്ചിരുന്ന ഗോത്ര വർഗ്ഗക്കാരായ ജനസമൂഹങ്ങളെ റോമാക്കാർ വിശേഷിപ്പിച്ചിരുന്നത് ബാർബേറിയന്മാർ (അപരിഷ്കൃതർ) എന്നാണ്. ജർമ്മാനിക്ക് വർഗ്ഗത്തിൽപ്പെട്ട അലൈമാൻകാർ, ഫ്രാങ്കുകൾ, ഗോത്തുകൾ തുടങ്ങിയവരാണ് ഇവർ. മൂന്നാം നൂറ്റാണ്ടിൽ ഇവർ റൈൻ,ഡാന്യൂബ് അതിർത്തിക്കുള്ളിലേക്ക് നുഴഞ്ഞു കയറാൻ തുടങ്ങി. ഇതു പല ആഭ്യന്തര പ്രശ്നങ്ങൾക്കും കാരണമായി.

**4. ആദ്യകാല റോമൻ സാമ്രാജ്യത്തിലെ സാമൂഹ്യ-സാമ്പത്തീക അവസ്ഥകളെക്കുറിച്ച് വിവരിക്കുക.**

- റോമൻ സമൂഹത്തിൽ അണുകുടുംബങ്ങളാണ് നിലനിന്നിരുന്നത് പ്രായപൂർ ത്തിയായ മക്കൾ മാതാപിതാക്കളോടൊപ്പമോ ,സഹോദരങ്ങളോടൊപ്പമോ താമ സിച്ചിരുന്നില്ല. കുടുംബത്തിൽ അടിമകളും ഉൾപ്പെട്ടിരുന്നു.
- റോമൻ സമൂഹം പുരുഷാധിപത്യ സമൂഹമായിരുന്നു.സ്ത്രീകൾ ഭർത്താക്ക ന്മാരുടെ നിയന്ത്രണത്തിൽ ആയിരുന്നു.ഭർത്താക്കന്മാർ അവരെ മർദ്ദിക്കുക

പോലും ചെയ്തിരുന്നു. പിതാക്കന്മാർക്ക് അവരുടെ മക്കളുടെ മേൽ നിയമ പരമായ നിയന്ത്രണം ഉണ്ടായിരുന്നു.

- റോമൻ വനിതകൾക്ക് സ്വത്ത് കൈവശം വയ്ക്കാനുള്ള അധികാരം ഉണ്ടായിരുന്നു.സ്ത്രീകൾ അവർക്കു ലഭിച്ച കുടുംബസ്വത്ത് ഭർത്താക്കന്മാർക്കു കൈമാറിയിരുന്നില്ല.എന്നാൽ സ്ത്രീധനം ഭർത്താക്കന്മാർക്കു നൽകിയിരുന്നു.
- ഇരുപതുകളുടെ അവസാനത്തിലോ മുപ്പതുകളുടെ തുടക്കത്തിലോ ആയിരുന്നു പുരുഷന്മാർ വിവാഹം കഴിച്ചിരുന്നത്.പെൺകുട്ടികളെ കൗമാരത്തിലോ ഇരുപതു കളുടെ തുടക്കത്തിലോ വിവാഹം കഴിപ്പിക്കുമായിരുന്നു. ഈ പ്രായവ്യത്യാസം ഭാര്യക്കും ഭർത്താവിനുമിടയിൽ അസമത്വം സൃഷ്ടിക്കുന്നതിന് കാരണമായി.
- വിവാഹമോചനം താരതമ്യേന എളുപ്പമായിരുന്നു.തങ്ങളുടെ ഉദ്ദേശ്യം വ്യക്ത മാക്കിക്കൊണ്ടുള്ള ഒരു നോട്ടീസ് നൽകി ഭാര്യക്കോ ഭർത്താവിനോ വിവാഹമോചനം നേടാമായിരുന്നു.
- റോമാസാമ്രാജ്യത്തിൽ സാക്ഷരതാ നിരക്ക് പല പ്രദേശങ്ങളിലും വ്യത്യസ്തമാ യിരുന്നു. അഗ്നി പർവ്വത സ്ഫോടനത്തിൽ കുഴിച്ചുമൂടപ്പെട്ട പോംപെ എന്ന നഗരത്തിൽ സാക്ഷരതാ നിരക്ക് കൂടുതലായിരുന്നു. അതെ സമയം ഈജിപ്തിൽ സാക്ഷരത കുറവായിരുന്നു.അവിടെ പ്രമാണങ്ങൾ എഴുതി യിരുന്നത് പ്രൊഫഷണൽ എഴുത്തുകാരാണ്. എന്നാൽ പടയാളികൾ, സൈനീക ഉദ്യാഗസ്ഥർ, എസ്റ്റേറ്റ് മാനേജർമാർ എന്നിവർക്കിടയിൽ സാക്ഷരത വ്യാപകമായിരുന്നു.
- റോമാ സാമ്രാജ്യത്തിൽ സാംസ്കാരിക വൈവിധ്യം നിലനിന്നിരുന്നു.വ്യത്യസ്ത മത വിശ്വാസങ്ങൾ, വ്യത്യസ്ത ഭാഷകൾ, വ്യത്യസ്ത വസ്ത്രധാരണ രീതി കൾ,വ്യത്യസ്ത ഭക്ഷണ രീതികൾ തുടങ്ങിയവ റോമാ സാമ്രാജ്യത്തിൽ നിലനിന്നിരുന്നു. സാമ്രാജ്യത്തിനകത്ത് വ്യത്യസ്ത ഭാഷകൾ സംസാരിക്ക പ്പെട്ടിരുന്നു. കോപ്റ്റിക് ഈജിപ്തിലും സെൽറ്റിക് സ്പെയിനിലും പ്യൂണിക്, ബെർബർ എന്നിവ ഉത്തരാഫ്രിക്കയിലും സംസാരിക്കപ്പെട്ടു.
- റോമാ സാമ്രാജ്യത്തിൽ തുറമുഖങ്ങൾ, ഖനികൾ, ഇഷ്ടിക കളങ്ങൾ, ഒലിവെണ്ണ ഫാക്ടറികൾ തുടങ്ങിയവ നിലനിന്നിരുന്നു.റോമാക്കാർ ഗോതമ്പ്, വീഞ്ഞ്, ഒലിവെണ്ണ തുടങ്ങിയവ ഉപയോഗിച്ചിരുന്നു. ഈ ഉത്പന്നങ്ങൾ പ്രധാനമായും വന്നിരുന്നത് സ്പെയിൻ,ഗാലിക് പ്രവിശ്യകൾ ഉത്തരാഫ്രിക്ക, ഈജിപ്ത്, ഇറ്റലി

എന്നിവിടങ്ങളിൽ നിന്നായിരുന്നു.

- ഒലിവെണ്ണക്കു പേരുകേട്ട സ്ഥലം സ്പെയിൻ ആയിരുന്നു.ഇതു കൊണ്ടു പോയിരുന്നത് ഡ്രെസ്സൽ 20 എന്ന ഭരണിയിലാണ്.ഇറ്റലിയിലെ കമ്പാനിയ വീഞ്ഞുകൾക്കു പ്രസിദ്ധമാണ്. സിസിലി, ഈജിപ്ത്,ബൈസൻഷ്യം എന്നിവ സാമ്രാജ്യത്തിലെ ഏറ്റവും സമ്പന്ന പ്രദേശങ്ങളായിരുന്നു. സിസിലിയും ബൈസൻഷ്യവും റോമിലേക്ക് വൻതോതിൽ ഗോതമ്പ് കയറ്റുമതി ചെയ്തിരുന്നു.

- റോമാസാമ്രാജ്യത്തിൽ പിന്നാക്കാവസ്ഥയിലുള്ള പ്രദേശങ്ങളും ഉണ്ടായിരുന്നു. അൾജീരിയയിലെ ന്യൂമിഡിയ എന്ന ഗ്രാമത്തിലെ ഇടയന്മാർക്കു മേച്ചിൽ പ്പുറങ്ങൾ തേടിക്കൊണ്ട് മലമ്പ്രദേശങ്ങളിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിലേക്ക് വർഷം തോറും അലയേണ്ടിവന്നു.അണ്ഡാകൃതിയിലുള്ള മപാലിയ എന്ന കുടിലുകൾ ചുമന്നു കൊണ്ടാണ് ഇവർ നടന്നത്. ഈ സമ്പ്രദായത്തെ ട്രാൻസ്ഹ്യൂമൻസ് എന്നാണ് വിളിച്ചിരുന്നത്. വടക്കൻ സ്പെയിനിലെ കുന്നിന്മുകളിലുള്ള പിന്നോക്ക ഗ്രാമങ്ങളാണ് കാസ്റ്റല്ലുകൾ സാങ്കേതികവിദ്യ യുടെ കാര്യത്തിലും റോമാക്കാർ പുരോഗതി കൈവരിച്ചു. ജലോർജ്ജം ഉപയോഗിച്ചുകൊണ്ട് മില്ലുകൾ പ്രവർത്തിപ്പിച്ചു.ബാങ്കിങ് സമ്പ്രദായവും പണത്തിന്റെ ഉപയോഗവും വ്യാപകമായി.

**5.തൊഴിലാളികളെ നിയന്ത്രിക്കുന്നതിന് പ്രാചീന റോമിൽ സ്വീകരിച്ചിരുന്ന നടപടികൾ വിശദമാക്കുക.**

- റോമാ സാമ്രാജ്യത്തിൽ അടിമത്തം നിലനിന്നിരുന്നു. അഗസ്റ്റസ് സീസറിന്റെ കീഴിൽ 3 ദശലക്ഷം അടിമകൾ ഉണ്ടായിരുന്നു. എന്നാൽ അന്നത്തെ ജനസംഖ്യ 7.5 ദശലക്ഷം ആയിരുന്നു. അടിമകളെ ഒരു നിക്ഷേപമായാണ് കണ്ടത്.

- റോമാക്കാർ അടിമകളാക്കിയിരുന്നത് യുദ്ധത്തടവുകാരെയായിരുന്നു.യുദ്ധ ത്തിന്റെ വ്യാപനം കുറഞ്ഞപ്പാൾ അടിമകളുടെ ലഭ്യതയും കുറഞ്ഞു. അടിമപ്പണി ഏറെ ചെലവേറിയതായതിനാൽ റോമിലെ പൊതുമരാമത്ത് പണികളിൽ കൂലി വേലക്കാരെയാണ് ഉപയാഗിച്ചിരുന്നത്. കൂലിവേലക്കാർ സ്വാതന്ത്ര രായതുകാണ്ട് അവരെ തീറ്റിപ്പോറ്റേണ്ടിയിരുന്നില്ല.

- തൊഴിൽ നടത്തിപ്പിന് തൊഴിലുടമകൾ വലിയ പ്രാധാന്യം നൽകിയിരുന്നു. മേൽനാട്ടം എളുപ്പമാക്കുന്നതിനു തൊഴിലാളികളെ പത്തു പേരുള്ള സംഘ ങ്ങളായി തിരിച്ചിരുന്നു.റോമൻ ചരിത്രകാരനായ പ്ലിനിയുടെ "നാച്ചുറൽ

ഹിസ്റ്ററി"(Natural History) എന്ന പുസ്തകത്തിൽ തൊഴിൽ നടത്തിപ്പിനെപ്പറ്റി വിവരിക്കുന്നുണ്ട്.തൊഴിൽ നടത്തിപ്പിനായി തൊഴിലുടമകൾ സ്വീകരിച്ച രീതികൾ ഡ്രാക്കോയുടെ നിയമങ്ങൾ പോലെ കർക്കശമായിരുന്നു.

- അലക്സാണ്ഡ്രിയയിലെ കുന്തിരിക്കം ഫാക്ടറിയിലെ അവസ്ഥയെക്കുറിച്ച് പ്ലിനി വിവരിക്കുന്നുണ്ട്.തൊഴിലാളികളുടെ ഉപരിവസ്ത്രത്തിൽ ഒരു മുദ്ര പതിപ്പി ച്ചിരുന്നു. മുഖം മൂടിയോ സുഷിരങ്ങളോടുകൂടിയ വലയോ അവർ ശിരസ്സിൽ ധരിക്കണമായിരുന്നു.ദരിദ്ര കുടുംബങ്ങളെ തൊഴിലുടമകൾ കടക്കെണിയിൽ പെടുത്തി അടിമകളാക്കിയിരുന്നു.

**6. റോമാ സാമ്രാജ്യത്തിലെ സാമൂഹ്യ ശ്രേണികളെ പരിശോധിക്കുക.**

- റോമൻ ചരിത്രകാരനായ റ്റാസിറ്റസ് റോമാ സാമ്രാജ്യത്തിലെ സാമൂഹ്യ വിഭാഗ ങ്ങളെ 5 ആയി തരംതിരിക്കുന്നു.അവ താഴെ പറയുന്നവയാണ്.

- 1.സെനറ്റർമാർ:സമൂഹത്തിലെ ഏറ്റവും സമ്പന്ന വിഭാഗം. ഇവർ വൻകിട ഭൂവുടമ കളായിരുന്നു. ഭരണ രംഗത്ത് ചക്രവർത്തിക്ക് തൊട്ടു താഴെയുള്ള സ്ഥാനം.
- 2.ഇക്വൈറ്റുകൾ (നൈറ്റുകൾ) അഥവാ അശ്വാരൂഢർ : സമൂഹത്തിലെ രണ്ടാമ ത്തെ വർഗ്ഗം. ഭൂവുടമകളായിരുന്നു
- 3.മധ്യവർഗ്ഗം : ഉദ്യോഗസ്ഥ വൃന്ദം, സൈന്യം,സമ്പന്ന വ്യാപാരികൾ, കർഷകർ എന്നിവരാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്.
- 4.ഹ്യൂമിലിയോറസ് (കീഴാളവർഗ്ഗം): ഗ്രാമങ്ങളിലെ പണിക്കാർ, വ്യവസായങ്ങളി ലെയും , ഖനികളിലെയും തൊഴിലാളികൾ, കൈവേലക്കാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു.
- 5.അടിമകൾ : അടിമകൾ സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള വിഭാഗമായി രുന്നു അടിമകൾ.

**7.റോമിന്റെ ചരിത്രത്തിൽ പിൽക്കാല പൗരാണികത എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?**

- ഏകദേശം നാലാം നൂറ്റാണ്ടു മുതൽ ഏഴാം നൂറ്റാണ്ട് വരെ നീണ്ടു നിന്ന കാല ഘട്ടത്തെയാണ് പിൽക്കാല പൗരാണികത എന്ന് വിവക്ഷിച്ചിരിക്കുന്നത്.

**8.പിൽക്കാല റോമാ സാമ്രാജ്യത്തിൽ ഡയോക്ലീഷ്യനും കോൺസ്റ്റന്റൈനും നടപ്പിലാക്കിയ**

**പരിഷ്കാരങ്ങൾ വിശദമാക്കുക.**

ഡയോക്ലിഷ്യൻ

- സാമ്രാജ്യത്തിന്റെ വലുപ്പം വെട്ടിക്കുറച്ചു. അതിർത്തി കോട്ട കെട്ടി സംരക്ഷിച്ചു .പ്രവിശ്യയുടെ അതിർത്തി പുനഃസംഘടിപ്പിച്ചു.സൈനീക കമ്മാണ്ടർമാർക്ക് കൂടുതൽ സ്വയം ഭരണാവകാശം നൽകി.

കോൺസ്റ്റന്റൈൻ ചക്രവർത്തി

- കോൺസ്റ്റന്റൈൻ ചക്രവർത്തിയാണ് ക്രിസ്തുമതം ഔദ്യാഗികമതമായി പ്രഖ്യാപിച്ചത്.ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച റോമൻ ചക്രവർത്തിയും അദ്ദേഹമാണ്.അദ്ദേഹം നടപ്പിലാക്കിയ 3 പ്രധാന പരിഷ്ക്കാരങ്ങൾ താഴെ പറയുന്നവയാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തി 4 1/2 ഗ്രാം തൂക്കമുള്ള ശുദ്ധമായ " സോളിഡസ്" എന്ന സ്വർണ്ണ നാണയം പുറത്തിറക്കി. കോൺസ്റ്റാന്റിനാപ്പിൾ എന്ന പുതിയ തലസ്ഥാന നഗരം പണികഴിപ്പിച്ചു.ഇതിനെ രണ്ടാം തലസ്ഥാനമാക്കി.ഇത് ഇന്ന് ഇസ്താംബുൾ എന്നറിയപ്പെടുന്നു. എണ്ണമില്ലുകളും ഫാക്ടറികളും ജലമില്ലുകളും സ്ഥാപിച്ചു.

**************************************************

# പ്രമേയം 4. മധ്യ ഇസ്ലാമിക പ്രദേശങ്ങൾ

# (The Central Islamic Lands)

**1. ഏഴാം നൂറ്റാണ്ടിലെ ആദ്യകാലങ്ങളിൽ ബദൂയിനികളുടെ( Bedouins ) ജീവിതത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു. ?**

- ഇസ്ലാം മതം ആവിർഭവിച്ചത് അറേബ്യയിലാണ്. അക്കാലത്ത് അറബികൾ ഗോത്രങ്ങളായാണ് താമസിച്ചിരുന്നത്. ഇത് "ഖബീല എന്നിയപ്പെട്ടു.ഓരോ ഗോത്രത്തിനും ഒരു ഗോത്രത്തലവൻ ഉണ്ടായിരുന്നു. ഭക്ഷണം തേടിയും ഒട്ടകങ്ങളുടെ തീറ്റയ്ക്കായും മരുഭൂമിയിലെ വരണ്ട പ്രദേശങ്ങളിൽ നിന്ന് മരുപ്പച്ചകളിലേക്ക് ഇവർ സഞ്ചരിച്ചിരുന്നു. ചിലർ നഗരങ്ങളിൽ സ്ഥിര താമസമാക്കി വ്യാപാരമോ കൃഷിയോ ചെയ്തു. ഖുറൈഷി ഗോത്രക്കാർ മക്കയിൽ വസിക്കുകയും കഅബയെ നിയന്ത്രിക്കുകയും ചെയ്തിരുന്നു. ഇവിടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും ആരാധന നടത്തുകയും ചെയ്തിരുന്നു.

**2.ഹിജ്റ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്. ഇസ്ലാം മതത്തിൽ ഇതിന്റെ പ്രാധാന്യം എന്തായിരുന്നു ?**

- സി.ഇ. 622 ൽ മുഹമ്മദിന് തന്റെ അനുയായികളുമായി മക്കയിൽ നിന്ന് മദീന യിലേക്ക് പലായനം ചെയ്യേണ്ടി വന്നു. മക്കയിൽ നിന്നുള്ള മുഹമ്മദിന്റെ യാത്ര (ഹിജ്റ ) ഇസ്ലാമിന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. മദീനയിൽ അദ്ദേഹം എത്തിയ വർഷം മുസ്ലിം കലണ്ടറിന് തുടക്കം കുറിച്ചു.

**3. ഖലീഫ ഭരണത്തിന്റെ രൂപീകരണവും അതിന്റെ ലക്ഷ്യങ്ങളും ചുരുക്കി വിവരിക്കുക**

- മുഹമ്മദ് നബിയുടെ മരണശേഷം (സി.ഇ.632) രാഷ്ട്രീയ അധികാരം വിശ്വാസി കളുടെ സമുദായമായ "ഉമ്മ"യുടെ കൈകളിൽ എത്തിച്ചേർന്നു.അതു പ്രകാരം സമുദായത്തിന്റെ നേതാവ് ഖലീഫ ആയിത്തീർന്നു. ഗോത്രങ്ങളുടെ മേലുള്ള നിയന്ത്രണം നിലനിർത്തുക, രാഷ്ട്രത്തിനു വേണ്ട വിഭവങ്ങൾ സമാഹരിക്കുക എന്നിവയായിരുന്നു ഖലീഫ ഭരണത്തിന്റെ രണ്ട് ലക്ഷ്യങ്ങൾ . ആദ്യ നാല് ഖലീഫമാർ യഥാക്രമം അബൂബക്കർ , ഉമർ , ഉസ്മാൻ , അലി എന്നിവർ ആയിരുന്നു. അലിയുടെ കാലത്ത് ഇസ്ലാം മതം ഷിയാ, സുന്നി എന്നിങ്ങനെ വേർതിരിഞ്ഞു. മുഹമ്മദ് നബിയുടെ വിധവ ആയിഷ, അലിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഒട്ടകയുദ്ധത്തിൽ (Battle of Camel, 657) അലി ആയിഷയുടെ സൈന്യത്തെ പരാജയപ്പെടുത്തി. എന്നാൽ മുആവിയയുടെ നേതൃത്വത്തിലുള്ള സൈന്യം അലിയെ തോല്പിച്ചു.

**4. രാഷ്ട്രീയ പരിഷ്ക്കാരങ്ങളും അബ്ദുൾ മാലിക്കിന്റെ സംഭാവനകളും ഉമവ്വിയകളുടെ അധികാരം നിലനിർത്താൻ എന്തു മാത്രം സഹായകരമായി ?**

- അഞ്ചാമത്തെ ഖലീഫ ആയ മുആവിയായാണ് ഉമവ്വിയ വംശത്തിന്റെ സ്ഥാപകൻ. അദ്ദേഹം തലസ്ഥാനം ദമാസ്കസിലേക്ക് മാറ്റി. ബൈസാന്റിയൻ സാമ്രാജ്യത്തിലെ ഭരണ സ്ഥാപനങ്ങളും രാജസദസിലെ ആഘോഷവും സ്വീകരിച്ചു. പരമ്പരാഗതമായ പിന്തുടർച്ചാ സമ്പ്രദായം നടപ്പിലാക്കി. ഉമവ്വിയ രാഷ്ട്രം ഒരു സാമ്രാജ്യ ശക്തി യായിരുന്നു. രാഷ്ട്രഭരണ വൈദഗ്ധ്യവും സിറിയൻ സൈന്യത്തിന്റെ കൂറുമായിരുന്നു അതിന്റെ അടിസ്ഥാനം. ഭരണത്തിൽ ക്രിസ്ത്യൻ ഉപദേശകരും , സൊറാസ്ട്രീയൻ പകർപ്പെഴുത്തുകാരും ഉദ്യോഗസ്ഥരും ഉണ്ടായി. ഇസ്ലാം അവരുടെ ഭരണത്തിന് സാധുത നൽകി. ഇസ്ലാമിന്റെ പേരിൽ കലാപങ്ങളെ അടിച്ചമർത്തി.

അബ്ദുൽ മാലിക്കിന്റെ സംഭാവനകൾ

- അബ്ദുൽ മാലിക് അറബി ഭരണ ഭാഷയായി സ്വീകരിച്ചു.ഒരു ഇസ്ലാമിക നാണയ

വ്യവസ്ഥ കൊണ്ടുവന്നു.. ജറുസലേമിൽ ഡോം ഓഫ് ദി റോക്ക് പണികഴിപ്പിച്ചു.

**5. അബ്ബാസിയവിപ്ലവത്തെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.**

- CE 750 ൽ ദവ എന്നിയപ്പെട്ട ഒരു പ്രസ്ഥാനം ഉമവിയ്യകളെ പരാജയപ്പെടുത്തി അബ്ബാസിയകളെ അധികാരത്തിൽ കൊണ്ടുവന്നു. പ്രവാചകന്റെ മാതുലനായ അബ്ബാസിന്റെ പിൻഗാമികളായിരുന്നു അബ്ബാസിയകൾ. കിഴക്കൻ ഇറാനിലെ ഖുറാസാൻ എന്ന സ്ഥലത്താണ് വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്.ഖുറാസാനിലെ അറബ് സൈനികരിൽ ഭൂരിഭാഗവും ഇറാനിൽ നിന്നുള്ളവരായിരുന്നു. നികുതി സൗജന്യ ങ്ങൾ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകാമെന്ന വാഗ്ദാനം നിറവേറ്റാത്തതി നാൽ ഉമയ്യദുകളോട് അവർക്കു കടുത്ത ശത്രുത ഉണ്ടായിരുന്നു.അബ്ബാസിയ സൈന്യത്തെ നയിച്ചത് ഒരു ഇറാനിയൻ അടിമ ആയിരുന്ന അബു മുസ്ലിം ആണ്. സാബ് നദിക്കരയിൽ വെച്ചുണ്ടായ യുദ്ധത്തിൽ അവസാനത്തെ ഉമവിയ ഖലീഫയായ മർവാനെ അബ്ബാസിയകൾ പരാജയപ്പെടുത്തി.അബ്ബാസിയകൾ തലസ്ഥാനം ബാഗ്ദാദിലേക്കു മാറ്റി.അബ്ബാസിയ ഭരണത്തിൽ അറബ് സ്വാധീനം കുറയുകയും ഇറാനിയൻ സ്വാധീനം വർദ്ധിക്കുകയും ചെയ്തു. സൈന്യം, ഉദ്യോഗസ്ഥവൃന്ദം എന്നിവ പുനസംഘടിപ്പിച്ചു. ഇസ്ലാമിക സ്ഥാപനങ്ങളെയും പണ്ഡിതന്മാരെയും പ്രോത്സാഹിപ്പിച്ചു. മത പദവിയെയും പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തി.

**6.ഖലീഫ ഭരണത്തിന്റെ തകർച്ചയ്ക്കും സൽത്താനത്തുകളുടെ ഉയർച്ചയ്ക്കും സഹായ കരമായ കാരണങ്ങൾ എന്തെല്ലാം ?**

- വിദൂര പ്രവിശ്യകളുടെ മേൽ ബാഗ്ദാദിൽ നിന്നു കൊണ്ടുള്ള ഭരണം അസാധ്യ മായിരുന്നു. സൈന്യത്തിലെയും ഉദ്യോഗസ്ഥവൃന്ദത്തിലെയും അറബ്-ഇറാനിയൻ അനുകൂല വിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളാണ് അബ്ബാസിയ ഭരണം ക്ഷയിക്കാനുള്ള കാരണം. ഹാറൂൺ - അൽ റഷീദിന്റെ പുത്രന്മാരായ അമീൻ, മാമൂൻ എന്നിവരുടെ അനുയായികൾ തമ്മിലുള്ള ആഭ്യന്തര യുദ്ധം വിഭാഗീയത വർധിപ്പിച്ചു.ഷിയാ, സുന്നി വിഭാഗങ്ങൾ തമ്മിലുള്ള അധികാര വടംവലി തകർച്ച യ്ക്കുള്ള മറ്റൊരു കാരണമാണ്. ഗസ്നവീഡ് സൽത്തനത്തിന്റെ സ്ഥാപകൻ ആൽപതെജിൻ ആണ്.എന്നാൽ ഇതിനെ ഏകോപിപ്പിച്ചത് ഗസ്നിയിലെ മഹമുദ് ആണ് . മഹമുദ് ഗസ്നിയുടെ മരണത്തെത്തുടർന്ന് സെൽജൂക്ക് സഹോദരന്മായ തുഗ്രിൽ ബഗ്ഗ് , ഛഗരി ബഗ്ഗ് എന്നിവരുടെ നേതൃത്വത്തിൽ ഖുറാസാൻ കീഴടക്കു കയും നിഷാപുർ ആദ്യ തലസ്ഥാനമാക്കുകയും ചെയ്തു.

**7.കുരിശുയുദ്ധങ്ങളുടെ കാരണങ്ങളും സ്വാധീനങ്ങളും വിലയിരുത്തുക.**

- 11,13 നൂറ്റാണ്ടുകൾക്കിടയിൽ യൂറോപ്യൻ ക്രിസ്ത്യാനികളും മുസ്ലിങ്ങളും തമ്മിലുണ്ടായ യുദ്ധങ്ങളാണ് കുരിശുയുദ്ധങ്ങൾ. കുരിശുയുദ്ധങ്ങളുടെ പ്രധാന കാരണം മതപരമായിരുന്നു.ക്രിസ്ത്യാനികളുടെ പുണ്യഭൂമിയായ ജറുസലേം തിരിച്ചുപിടിക്കുക എന്നതായിരുന്നു കുരിശുയുദ്ധത്തിന്റെ പ്രധാന ലക്ഷ്യം. പ്രധാനമായും 3 കുരിശുയുദ്ധങ്ങളാണ് നടന്നത്.

ഒന്നാം കുരിശുയുദ്ധം

- ഒന്നാം കുരിശുയുദ്ധത്തിൽ ഫ്രാൻസിൽ നിന്നും ഇറ്റലിയിൽ നിന്നുമുള്ള പടയാളികൾ ആന്റിയാക്കും ജറുസലേമും പിടിച്ചെടുത്തു. വിജയികളായ കുരിശുയുദ്ധക്കാർ മുസ്ലിങ്ങളെയും ജൂതന്മാരെയും കൂട്ടക്കൊല ചെയ്തു. കുരിശുയുദ്ധക്കാർ സിറിയ, പാലസ്തീൻ മേഖലയിൽ കുരിശുയുദ്ധ രാഷ്ട്രങ്ങൾ സ്ഥാപിച്ചു. അവയെ ഔട്ട്റീമർ (കടലിനക്കരെയുള്ള ഭൂമി) എന്നാണ് വിളിച്ചിരുന്നത്.

രണ്ടാം കുരിശുയുദ്ധം

- കുരിശുയുദ്ധ മേഖലകളിൽ ഒന്നായ എദേസ്സ തുർക്കികൾ തിരിച്ചു പിടിച്ചു. ഇതിനെ തുടർന്ന് പോപ്പ് രണ്ടാം കുരിശു യുദ്ധത്തിനു ആഹ്വാനമേകി. എന്നാൽ രണ്ടാം കുരിശുയുദ്ധം ഒരു പരാജയമായിരുന്നു.ദമാസ്കസ് പിടിച്ചെടുക്കാൻ മുന്നേറിയ ജർമൻ - ഫ്രഞ്ച് സംയുക്ത സൈന്യത്തെ തുർക്കികൾ പരാജയപ്പെടുത്തി.ഇതിനിടയിൽ സലാദിൻ എന്ന ഭരണാധികാരി ക്രിസ്ത്യാനികൾക്കെതിരെ ജിഹാദ് പ്രഖ്യാപിച്ചു.കുരിശുയുദ്ധക്കാരെ തോൽപ്പിക്കുകയും ജറുസലേം കീഴടക്കുകയും ചെയ്തു.

മൂന്നാം കുരിശുയുദ്ധം

- ജറുസലേം നഗരത്തിന്റെ നഷ്ടമാണ് മൂന്നാം കുരിശുയുദ്ധത്തിന് ആഹ്വാനമേകാൻ പോപ്പിനെ പ്രേരിപ്പിച്ചത്.എന്നാൽ ഈ യുദ്ധവും പരാജയമായിരുന്നു.ക്രൈസ്തവർക്ക് ജറുസലേം സന്ദർശിക്കാനുള്ള അവസരം ലഭിച്ചു. എന്നാൽ ഈജിപ്തിലെ മംലൂക്ക് ഭരണാധികാരികൾ കുരിശുയുദ്ധക്കാരായ എല്ലാ ക്രിസ്ത്യാനികളെയും പാലസ്തീനിൽ നിന്നും തുരത്തി ഓടിച്ചു.

കുരിശുയുദ്ധത്തിന്റെ ഫലങ്ങൾ

- മുസ്ലീം ഭരണാധികാരികൾ അവരുടെ ക്രിസ്ത്യൻ പ്രജകളോട് കർക്കശമായ സമീപനം വെച്ചു പുലർത്താൻ തുടങ്ങി. ഇറ്റാലിയൻ വ്യാപാര സമൂഹങ്ങൾ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരത്തിൽ വലിയ സ്വാധീനം നേടുക യുണ്ടായി.

**8.മധ്യ ഇസ്ലാമിക പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക ജീവിതം വിശകലനം ചെയ്യുക.**

കൃഷി

- ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷി ആയിരുന്നു.രാജ്യത്തിന്റെ പ്രധാന വരുമാന മാർഗ്ഗം ഭൂനികുതിയായിരുന്നു.അറബികൾ ആക്രമിച്ച് കീഴടക്കിയ ഭൂമിയിൽ നിന്ന് ഈടാക്കിയിരുന്ന നികുതി " ഖരാജ് "എന്നറിയപ്പെടുന്നു. മുസ്ലിങ്ങൾ കൃഷി ചെയ്തിരുന്ന ഭൂമിയിൽ നിന്നും പിരിച്ചെടുത്ത നികുതി "ഉഷർ"എന്നറിയ പ്പെടുന്നു.കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കിണറുകളും തോടുകളും അണക്കെട്ടുകളും നിർമ്മിച്ചു.ജനങ്ങൾക്ക് നികുതി ഇളവ് നൽകി. പരുത്തി, ഓറഞ്ച്, നേന്ത്രപ്പഴം, തണ്ണിമത്തൻ, ചീര തുടങ്ങിയ ധാരാളം പുതിയ ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുകയും യൂറോപ്പിലേക്ക് കയറ്റുമതി ചെയ്യുകയും ചെയ്തു.

നഗരവൽക്കരണം

- മധ്യ ഇസ്ലാമിക കാലഘട്ടത്തിൽ ധാരാളം നഗരങ്ങൾ വളരുകയും പുതിയ നഗരങ്ങൾ ഉണ്ടാകുകയും ചെയ്തു. പുതിയ സൈനീക നഗരങ്ങൾ മിസർ എന്നറിയപ്പെടുന്നു.
- സൈനീക നഗരങ്ങൾ - കുഫ, ഫസ്റ്റാറ്റ്, ബസ്ര, കെയ്റോ. തലസ്ഥാന നഗരം - ബാഗ്ദാദ് പഴയനഗരങ്ങൾ - ഇസ്ഫഹാൻ, സമർഖണ്ഡ്, ദമാസ്ക്കസ്. നഗരത്തിന്റെ ഹൃദയഭാഗത്ത് ഒരു മുസ്ലിം പള്ളിയും ഒരു കമ്പോളവും ഉണ്ടായി രുന്നു.

വാണിജ്യം

- അഞ്ചാം നൂറ്റാണ്ടിൽ സമുദ്ര വ്യാപാരത്തിന്റെ കുത്തക അറബ്-ഇറാനിയൻ കച്ചവടക്കാർക്ക് ആയിരുന്നു. പട്ടുപാത, ട്രാൻസ് ഓക്സിയാന വഴിയുള്ള പാത എന്നിവ രണ്ടു പ്രധാന വാണിജ്യ പാതകളായിരുന്നു.ഇറാനിയൻ വ്യാപാര സംഘം

ബാഗ്ദാദിൽ നിന്നും പട്ടുപാതയിലൂടെ ചൈനയിൽ എത്തിച്ചേർന്നു.ട്രാൻസ് ഓക്സിയാനയിലൂടെയാണ് അടിമകളെയും മറ്റും കച്ചവടം നടത്തിയിരുന്നത്. ഇക്കാലത്ത് പണത്തിന്റെ പ്രാധാന്യം വർദ്ധിച്ചു. സ്വർണ്ണം, വെള്ളി, ചെമ്പു നാണയങ്ങൾ അടിച്ചിറക്കി.

മികച്ച രീതിയിലുള്ള പണമെടുക്കൽ രീതികളും വ്യാപാര സംഘാടനവുമാണ് മധ്യകാല സാമ്പത്തിക ജീവിതത്തിന് ഇസ്ലാമിക ലോകം നൽകിയ ഏറ്റവും വലിയ സംഭാവന. പണം കൈമാറുന്നതിന് കച്ചവടക്കാരും ബാങ്കുകാരും കടപ്പത്രവും , വ്യവഹാരപത്രവും ഉപയോഗിച്ചു. വാണിജ്യ പത്രങ്ങളുടെ ഉപയോഗം കച്ചവടക്കാരെ എല്ലായിടത്തും പണം കൊണ്ടുപോകുന്നതിന്റെ ആവശ്യകത യിൽ നിന്നു സ്വതന്ത്രരാക്കി. അവരുടെ യാത്രകൾ സുരക്ഷിതമാവുകയും ചെയ്തു.

**9. ലോകത്തിന്റെ വിജ്ഞാനത്തിനും സംസ്ക്കാരത്തിനും ഇസ്ലാം നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക.**

വിജ്ഞാനം, സംസ്ക്കാരം തുടങ്ങിയ മേഖലകളിൽ ഇസ്ലാം മതം നൽകിയിട്ടുള്ള സംഭാവനകൾ താഴെപ്പറയുന്നവയാണ്.

1. നിയമ സംഹിത

- മുസ്ലിം പണ്ഡിതന്മാർ (ഉലമമാർ) തയ്യാറാക്കിയ നിയമ സംഹിതകളാണ് "ശരിയത്ത്." ഇസ്ലാമിക നിയമത്തിന്റെ 4 വീക്ഷണ ശാഖകളാണ് മാലിക്കി , ഹനഫി , ഷാഫി , ഹൻബലി. ഓരോ ശാഖയുടെയും പേര് ഓരോ നിയമജ്ഞന്റെ പേരിൽ നിന്നും വന്നതാണ്. സുന്നി സമൂഹത്തിലെ സാധ്യമായ എല്ലാ നിയമപ്രശ്നങ്ങൾക്കും ശരിയത്ത് മാർഗ നിർദേശം നൽകി. രാജ്യത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ ഖാസിയാണ് കൈകാര്യം ചെയ്തിരുന്നത്.

2. സൂഫിസം

- മധ്യകാല ഇസ്ലാമിൽ മതത്തിനോട് കൂടുതൽ ആഭിമുഖ്യമുള്ള ഒരു വിഭാഗമായിരുന്നു സൂഫികൾ. ഇവർ സന്യാസത്തിലൂടെയും നിഗൂഢതാ വാദത്തിലൂടെയും ദൈവത്തെ കൂടുതൽ ആഴത്തിലറിയാൻ ശ്രമിച്ചു. ഭൗതീക ജീവിതത്തോടും സുഖ സൗകര്യങ്ങളോടും സമൂഹം കാണിച്ച താല്പര്യത്തെ സൂഫികൾ വിമർശിച്ചു.പ്രാർഥനക്കും സ്നേഹത്തിനും അവർ പ്രാധാന്യം

നൽകി.ബസ്രയിലെ സന്യാസിനിയായ റാബിയ, സൂഫി സന്യാസിയായ ബയാസിദ് ബിസ്താമി തുടങ്ങിയവർ ദൈവസ്നേഹത്തിലൂടെ മനുഷ്യന് ദൈവവുമായി ഒന്നിക്കാൻ കഴിയും എന്ന് വിശ്വസിച്ചു.

3. തത്വശാസ്ത്രവും ശാസ്ത്രവും

- അരിസ്റ്റോട്ടിലിന്റെ കൃതികൾ, യൂക്ലിഡിന്റെ എലമെന്റ്സ്, ടോളമിയുടെ അൽമജെസ്റ്റ് എന്നിവ അറബ് പണ്ഡിതന്മാരെ സ്വാധീനിച്ചു.ഒരു വൈദ്യനും തത്വ ചിന്തകനുമായ ഇബ്ൻ സിന രചിച്ച പുസ്തകമാണ് കാനൻ ഓഫ് മെഡിസിൻ(അൽ ഖാനുൻ ഫിത്തിബ്).ഇതിൽ 750 ൽ പ്പരം മരുന്നുകളെ ക്കുറിച്ചും ഭോജന ക്രമീകരണ ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. പരിസ്ഥിതിയും കാലാവസ്ഥയും ആരോഗ്യത്തിൽ ചെലുത്തുന്ന സ്വാധീനം, ചില രോഗങ്ങളുടെ സാംക്രമിക സ്വഭാവം എന്നിവയും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.ഇബൻസിന യൂറോപ്പിൽ അവി സെന്ന എന്നാണ് അിയപ്പെട്ടിരുന്നത്.

4. ഭാഷയും സാഹിത്യവും

- പരിഷ്കൃതമായ ഭാഷയും സർഗാത്മക ഭാവനയുമാണ് ഒരു വ്യക്തിയുടെ അഭിനന്ദനീയമായ ഗുണങ്ങളായി കരുതപ്പെട്ടിരുന്നത്. സാംസ്ക്കാരികവും സാഹിത്യപരവുമായ പരിഷ്കൃതാവസ്ഥയെ അദബ് എന്നു പറയുന്നു. ഈ കാലഘട്ടത്തിൽ ധാരാളം ഭാവഗീതങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്.അബു നവാസ് വീഞ്ഞ്, പുരുഷ പ്രണയം എന്നിവയെ ആധാരമാക്കി കവിതകൾ രചിച്ചിട്ടുണ്ട്. പുരാതന ഇറാനിലെ ഭാഷയായിരുന്ന പഹ് ലവിയുടെ ഒരു പുതിയ പതിപ്പായി നവീന പേർഷ്യൻ ഭാഷ വികസിച്ചു വന്നു. രുദകിയാണ് പുതിയ പേർഷ്യൻ കാവ്യത്തിന്റെ പിതാവ്. സമാനിദുകളുടെ രാജസദസ്സിലെ ആസ്ഥാന കവിയായിരുന്നു രുദകി. ഇതിൽ ചെറിയ ഭാവ ഗാനങ്ങളും (ഗസൽ) നാല് വരി കവിതകളും (റുബായ്) ഉൾപ്പെടുന്നു.റുബായ് ഔന്നത്യത്തിലെത്തിയത് ഉമർ ഖയ്യാമിലൂടെയാണ്. ഗസ്നിയിലെ ഏറ്റവും പ്രഗൽഭനായ കവിയായിരുന്ന ഫിർദൗസിയാണ് "ഷാനാമ"യുടെ രചയിതാവ്. ബാഗ്ദാദിലെ പുസ്തക വ്യാപാരിയായിരുന്ന ഇബിൻ നദീമിന്റെ പുസ്തക പട്ടിക ധാർമ്മിക വിദ്യാഭ്യാസത്തിനും വായനക്കാരുടെ വിനോദത്തിനും വേണ്ടി എഴുതപ്പെട്ട ഗ്രന്ഥങ്ങളെക്കുറിച്ച് വിവരിക്കുന്നു. ഇവയിൽ ഏറ്റവും പഴക്കമുള്ളത് കലീല വ ദിംന എന്ന മൃഗങ്ങൾ കഥാപാത്രമായുള്ള ഗ്രന്ഥമാണ്. രാത്രികൾ തോറും ഷഹർസാദ് തന്റെ

ഭർത്താവിനോട് പറഞ്ഞ കഥകളുടെ സമാഹാരമാണ് "ആയിരത്തൊന്ന് രാവുകൾ" . കിതാബ് അൽ ബുഖലാ എന്ന കൃതിയിലൂടെ ജാഹിസ് പിശുക്കന്മാരുടെ അത്യാഗ്രഹത്തെ വിശകലനം ചെയ്യുന്നു. ബലാദുരി രചിച്ച " ജീനിയോളജി ഓഫ് നോബിൾസ് " , തബരിയുടെ "പ്രവാകന്മാരുടെയും രാജാക്കന്മാരുടെയും ചരിത്രം" എന്നിവയാണ് പ്രധാനപ്പെട്ട രണ്ട് ചരിത്ര ഗ്രന്ഥങ്ങൾ. മുഖദാസിയുടെ ദി ബെസ്റ്റ് ഡിവിഷൻ, മസൂദിയുടെ ഗോൾഡൻ മെഡോസ് തുടങ്ങിയവ ഭൂമിശാസ്ത്ര ഗ്രന്ഥങ്ങളാണ്. അൽബിറൂനിയുടെ "താഹിക് അൽ ഹിന്ദ്" (ഇന്ത്യയുടെ ചരിത്രം) എന്ന പുസ്തകവും ഈ കാലഘട്ടത്തിലെ സൃഷ്ടിയാണ്.

5. കലയും വാസ്തുശില്പകലയും

- മതപരമായ സൗധങ്ങളാണ് ഇസ്ലാമിക ലോകത്തിന്റെ ബാഹ്യ അടയാളം. മുസ്ലിംപള്ളികളും ആരാധനാലയങ്ങളും ശവകുടീരങ്ങളുമെല്ലാം ഒരേ അടിസ്ഥാന ശില്പരീതിയാണ് പ്രതിഫലിപ്പിച്ചത്. ആർച്ചുകൾ, താഴികക്കുടങ്ങൾ, മിനാരങ്ങൾ, തുറന്ന നടുമുറ്റങ്ങൾ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ രീതിയാണ് ഉണ്ടായിരുന്നത്.മുസ്ലിം പള്ളികൾക്കു വ്യത്യസ്തമായ ഒരു വാസ്തു വിദ്യാ രീതി ഉണ്ടായിരുന്നു.ഓരോ പള്ളിയിലും തുറസ്സായ നടുമുറ്റവും കുളവും ഉണ്ടായിരുന്നു.മാത്രവുമല്ല പള്ളിക്കുള്ളിൽ ഒരു ഹാളും ഉണ്ടായിരുന്നു. ഹാളിന്റെ ഉൾഭാഗത്ത് ഒരു പ്രസംഗവേദിയും ഹാളിനാട് ചേർന്ന് ഒരു മിനാരവും ഉണ്ട്.ഇസ്ലാമിക കലയിൽ "കൈയെഴുത്തും" "അറബെസ്ക്കും" പ്രചാരം നേടി. മനോഹരമായി എഴുതുന്ന രീതിയാണ് " കാലിഗ്രാഫി."ജാമിതീയ ഡിസൈനുകളും സസ്യങ്ങളുടെ ഡിസൈനുകളും ഉള്ള ചിത്രപ്പണിയാണ് "അറബെസ്ക്".

**********************************************

# പ്രമേയം 5. നാടോടി സാമ്രാജ്യങ്ങൾ

# (Nomadic Empires)

**1. മംഗോളിയരുടെ സാമൂഹിക - രാഷ്ട്രീയ പശ്ചാത്തലം വിവരിക്കുക.**

- മംഗോളിയരിൽ വ്യത്യസ്ത ജനവിഭാഗങ്ങളും ഗോത്രങ്ങളും ഉണ്ടായിരുന്നു. ടറ്റാർ, ഖിട്ടാൻ, മഞ്ചുക്കൾ, ടർക്കിക് ഗോത്രങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. പുൽമേടുകളിൽ നാടോടി ജീവിതമാണ് അവർ നയിച്ചിരുന്നത്. മംഗോളിയരിൽ ഇടയന്മാരും വേട്ടയാടുന്നവരും ഉണ്ടായിരുന്നു.അവർ കൃഷി ചെയ്തിരുന്നില്ല.

അവർക്ക് നഗരങ്ങൾ ഇല്ലായിരുന്നു.കൂടാരങ്ങളിലാണ് അവർ താമസിച്ചിരുന്നത്. വംശീയവും ഭാഷാപരവുമായബന്ധമാണ് മംഗോളിയൻ ജനതയെ ഒന്നിച്ചു നിർത്തിയത്. അവരുടെ സമൂഹം പിതൃദായക്രമത്തിൽ അധിഷ്ഠിതമായ വംശ പരമ്പരകളായി വിഭജിക്കപ്പെട്ടിരുന്നു. സമ്പന്ന കുടുംബങ്ങൾക്ക് കൂടുതൽ മൃഗങ്ങളും മേച്ചിൽ സ്ഥലങ്ങളും ഉണ്ടായിരുന്നു.മേച്ചിൽ സ്ഥലങ്ങൾക്കും കന്നുകാലികൾക്കും വേണ്ടി അവർ ഏറ്റുമുട്ടലുകൾ നടത്തിയിരുന്നു. ആക്രമണത്തിനും പ്രതിരോധത്തിനുമായി അവർ സഖ്യങ്ങൾ ഉണ്ടാക്കിയിരുന്നു. ചൈനക്കാരുമായി അവർ സംഘർഷങ്ങളിൽ ഏർപ്പെട്ടിരുന്നെങ്കിലും അവർക്കിടയിൽ വ്യാപാര ബന്ധങ്ങളും ഉണ്ടായിരുന്നു.

**2.ചെങ്കിസ്ഖാന്റെ ജീവിതവും അദ്ദേഹത്തിന്റെ കീഴിലെ സാമൂഹിക, രാഷ്ട്രീയ- സൈനിക സംവിധാനവും വിവരിക്കുക.**

<u>ചെങ്കിസ് ഖാന്റെ ജീവിതം</u>

- ചെങ്കിസ്ഖാന്റെ ശരിയായ നാമം ടെമുജിൻ എന്നായിരുന്നു.1162 ൽ ഓനാൻ നദിക്കരയിലെ ഒരു പ്രദേശത്താണ് അദ്ദേഹം ജനിച്ചത്.പിതാവ് യെസുഗി ഒരു ഗോത്രത്തലവൻ ആയിരുന്നു. ചെങ്കിസ്ഖാന് 12 വയസുള്ളപ്പോൾ പിതാവ് കൊല്ലപ്പെട്ടു.പിന്നീട് മാതാവ് ഒയിലുൻ എക്കെയാണ് അദ്ദേഹത്തെ വളർത്തിയത്.വിവാഹം കഴിഞ്ഞു അധികം താമസിയാതെ അദ്ദേഹത്തിന്റെ ഭാര്യ ബോർട്ടിയെ ശത്രുക്കൾ തട്ടിക്കൊണ്ടു പോയി.വലിയ പോരാട്ടം നടത്തിയാണ് അവരെ വീണ്ടെടുത്തത്.ചെങ്കിസ്ഖാന്റെ 2 സുഹൃത്തുക്കളായിരുന്നു ബോഗുർച്ച, ജമുക്ക എന്നിവർ. ജമുക്ക പിന്നീട് അദ്ദേഹത്തിന്റെ ശത്രുവായി മാറി. ജമുക്കയെ പരാജയപ്പെടുത്തിയതാടെ ചെങ്കിസ്ഖാന് ആത്മവിശ്വാസം വർദ്ധിച്ചു. 1206 ൽ ഗോത്രമുഖ്യന്മാരുടെ അസ്സംബ്ലിയായ "കുരിൽടൈയ്" ടെമൂജിന് ചെങ്കിസ്ഖാൻ, ഓഷ്യാനിക് ഖാൻ , ലോകത്തിന്റെ ഭരണാധികാരി എന്നീ സ്ഥാനമാനങ്ങൾ നൽകുകയുണ്ടായി.
  ചൈനയെ ആക്രമിക്കുക എന്നതായിരുന്നു അദ്ധേഹത്തിന്റെ പ്രഥമലക്ഷ്യം ചൈനീസ് പ്രവിശ്യകളായ സീസിയ, ചിങ് രാജവംശം, സുങ് രാജവംശം ഇവയെ ചെങ്കിസ്ഖാൻ പരാജയപ്പെടുത്തി.

<u>സാമൂഹിക-രാഷ്ട്രീയ- സൈനീക സംവിധാനം</u>

- മംഗോളിയർക്കിടയിലെ ആരോഗ്യമുള്ള പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും ആയുധങ്ങൾ ധരിച്ചിരുന്നു.ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇവരാണ് സൈന്യമായി പ്രവർത്തിച്ചിരുന്നത്.ചെങ്കിസ്ഖാൻ നടപ്പിലാക്കിയ സൈനീക സംവിധാനം " താമ "

എന്നപേരിൽ അറിയപ്പെടുന്നു.ദശാംശസമ്പ്രദായത്തിലാണ് അദ്ദേഹം സൈന്യത്തെ രൂപീകരിച്ചത്.അതായത് 10 പടയാളികളുടെ ഗുണിതങ്ങളായി -10 ,100 ,1000 ,10000 പടയാളികൾ എന്നിങ്ങനെ.പഴയ ഗോത്ര വിഭാഗങ്ങളെ വിഭജിക്കുകയും അവരെ പുതിയ സൈനീക യൂണിറ്റുകളാക്കുകയും ചെയ്തു. അവർക്കു അനുവദിച്ച ഗ്രൂപ്പിൽ നിന്ന് സമ്മതമില്ലാതെ മറ്റു ഗ്രൂപ്പിലേക്ക് മാറുന്നവർക്കു കഠിനമായ ശിക്ഷകൾ നൽകിയിരുന്നു.പുതിയ സൈനീക സംഘങ്ങൾ ചെങ്കിസ്ഖാന്റെ 4 മക്കളുടെ കീഴിൽ സേവനം അനുഷ്ഠിക്കണമായിരുന്നു.കൂടാതെ നോയൻ എന്നറിയപ്പെടുന്ന സൈനീക ക്യാപ്റ്റന്റെ കീഴിലും പരിശീലനത്തിൽ ഏർപ്പെടണം.ചെങ്കിസ്ഖാനോട് കൂറ് പുലർത്തിയിരുന്ന എല്ലാ പ്രതിസന്ധികളിലും സഹായിച്ചിരുന്ന അനുയായികളെ "അണ്ട" (Blood Brothers) അഥവാ "രക്തസഹോദരന്മാർ" എന്നാണ് വിശേഷിപ്പി ച്ചിരുന്നത്.താഴ്ന്ന പദവിയിലുള്ള മറ്റുള്ളവരെ " നൗകർ " എന്ന് വിളിച്ചു.പുതിയതായി കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങളെ ഭരിക്കുന്നതിനുള്ള ഉത്തരവാദിത്വം ചെങ്കിസ്ഖാന്റെ 4 പുത്രന്മാരെ ഏൽപ്പിച്ചു. ഈ പ്രദേശങ്ങൾ "ഉലുസ് "എന്നറിയ പ്പെടുന്നു.ഉലൂസുകൾ 4 എണ്ണം ഉണ്ടായിരുന്നു. അവ താഴെ പറയുന്നവയാണ്.

- 1. ജോച്ചി - റഷ്യൻ പുൽമേടുകൾ
- 2.ചഘതായ്-ട്രാൻസ് ഓക്സിയാന പുൽമേടുകൾ, പാമീർ പർവ്വത പ്രദേശങ്ങൾ
- 3. ഓഗൊദെ -ചെങ്കിസ്ഖാന്റെ പിൻഗാമി
- 4. തൊലൂയി - പരമ്പരാഗത ഭൂമികൾ

**3.ചെങ്കിസ്ഖാൻ നടപ്പിലാക്കിയ കൊറിയർ സംവിധാനത്തിന്റെ സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.**

- ചെങ്കിസ്ഖാന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന അദ്ദേഹം നടപ്പിലാക്കിയ കൊറിയർ സമ്പ്രദായമാണ്. ഇത് യാം (Yam) എന്നറിയപ്പെടുന്നു.തപാൽ ഓഫീസുകൾ, കാവൽപ്പുരകൾ, സന്ദേശവാഹകർ, കുതിരകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായിരുന്നു .തപാൽ സമ്പ്രദായത്തിന്റെ നിലനില്പിനുവേണ്ടി മംഗോളിയർ അവരുടെ കാവൽപട്ടാളത്തിന്റെ 1/10 ഭാഗം ചെങ്കിസ്ഖാന് നൽകിയിരുന്നു.ഇതിനെ "ക്യൂബ്കർ നികുതി" എന്നാണ് വിളിച്ചിരുന്നത്.

**4. യാസയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.**

- ചെങ്കിസ്ഖാൻ ആവിഷ്കരിച്ച നിയമ സംഹിതയാണ് യാസ.1206 ൽ ഗോത്ര മുഖ്യന്മാരുടെ അസ്സംബ്ലിയായ കുരിൽതായിൽ വെച്ച് ചെങ്കിസ്ഖാൻ അദ്ദേഹത്തിന്റെ നിയമം പ്രഖ്യാപിച്ചു. ഭരണപരമായ നിയന്ത്രണങ്ങൾ, നായാട്ട് , സൈന്യം,പോസ്റ്റൽ സമ്പ്രദായം എന്നിവ സംബന്ധിച്ച കൽപ്പനകളും ഉത്തരവുകളുമായിരുന്നു അത്. തങ്ങളുടെ സ്വത്വവും വ്യതിരിക്തതയും സംരക്ഷിക്കാനുള്ള ഒരു മാർഗമായിരുന്നു യാസ. യഥാർത്ഥത്തിൽ മംഗോളിയൻ ഗോത്രങ്ങളുടെ ആചാരപാരമ്പര്യങ്ങളുടെ ഒരു സമാഹാരമായിരുന്നു യാസ. ഒരു കൂട്ടം വിശ്വാസങ്ങൾക്ക് ചുറ്റും മംഗോളിയൻ ജനതയെ ഒന്നിപ്പിച്ചു നിർത്താൻ യാസ സഹായകമായി. കീഴടക്കപ്പെട്ട ജനതയുടെ മേൽ തങ്ങളുടെ നിയമം അടിച്ചേല്പിക്കാൻ ഇവർക്ക് സാധിച്ചു. ഇതൊരു ശാക്തീകരണ പ്രത്യയ ശാസ്ത്രമായിരുന്നു. മംഗോളിയൻ സാമ്രാജ്യം നിലനിർത്തുന്നതിനും അവരുടെ ആഗോള മേധാവിത്വം നടപ്പിലാക്കുന്നതിനും യാസ പ്രധാന പങ്കുവഹിച്ചു.

**5. പുൽമേടിന്റെ സവിശേഷതകളെ ഉപയോഗപ്പെടുത്തി മംഗോളിയർ ഒരു സൈനിക ശക്തിയായി മാറിയതെങ്ങനെ?**

- പുൽമേട് പോരാട്ടത്തിൽ നൂതന ആശയങ്ങൾ കണ്ടെത്തി ഫലപ്രദമായ തന്ത്രങ്ങളാക്കി മാറ്റാൻ ചെങ്കിസ്ഖാനു കഴിഞ്ഞു. കുതിര സവാരിയിലുള്ള മംഗോളിയരുടെ സാമർത്ഥ്യം സേനയ്ക്ക് വേഗതയും ചലന ക്ഷമതയും നൽകി. അതിവേഗത്തിൽ കുതിരപ്പുറത്ത് സഞ്ചരിച്ച് ദ്രുതഗതിയിൽ അമ്പയക്കാനുള്ള കഴിവ് വില്ലാളികൾക്ക് ഉണ്ടായിരുന്നു. ശത്രുക്കളുടെ നഗരങ്ങളിലേക്കും, ക്യാമ്പുകളിലേക്കും എത്തിച്ചേരാനുള്ള പാതകളായിട്ടാണ് മഞ്ഞുറഞ്ഞ നദികളെ അവർ കണ്ടത്. കോട്ട ഉപരോധിക്കാനുള്ള യന്ത്രങ്ങളും , നാഫ്ത എണ്ണ കൊണ്ടുള്ള ബോംബുകളും ഉപയോഗിച്ച് അവർ മിന്നൽ ആക്രമണങ്ങൾ നടത്തി. എഞ്ചിനിയർമാർ ഭാരം കുറഞ്ഞതും, എടുത്തു കൊണ്ടുപോകാൻ കഴിയുന്നതു മായ ഉപകരണങ്ങൾ നിർമ്മിച്ചു നൽകി.

**6. ലോക ചരിത്രത്തിൽ ചെങ്കിസ് ഖാന്റെ പ്രാധാന്യം വിലയിരുത്തുക.**

- മംഗോളിയരുടെ എക്കാലത്തെയും മഹാനായ ഭരണാധികാരിയായിരുന്നു ചെങ്കിസ്ഖാൻ അദ്ദേഹം മംഗോളിയൻ ജനതയെ ഏകീകരിച്ചു നിർത്തി ഒരു വലിയ സാമ്രാജ്യം സ്ഥാപിച്ചു. ഗോത്രയുദ്ധങ്ങളിൽ നിന്നും ചൈനക്കാരുടെ ചൂഷണത്തിൽ നിന്നും മംഗോളിയരെ രക്ഷിച്ചു. രാജ്യത്തിന് പുരോഗതിയും

ഐശ്വര്യവും കൊണ്ടുവന്നു. ലോക സംസ്കാരത്തിന് മംഗോളിയർ വില പിടിച്ച സംഭാവനകൾ നല്കിയിട്ടുണ്ട്.പല മത വിശ്വാസങ്ങളിൽപ്പെട്ടവരായിരുന്നു മംഗോളിയർ. വ്യക്തിപരമായ വിശ്വാസങ്ങളെ ഒരു പൊതു നയമായി ഒരിക്കലും അവർ അടിച്ചേല്പിച്ചിരുന്നില്ല. വിവിധ മത വംശീയ വിഭാഗങ്ങളെ അവർ ഭരണരംഗത്തും സൈന്യത്തിലും നിയോഗിച്ചിരുന്നു.

*****************************************************

# 6. മൂന്ന് വിഭാഗങ്ങൾ

# (The Three Orders)

**1.മനോറിയൽ സമ്പ്രദായം എന്നാലെന്ത്?**

- പ്രഭുവിന്റെ ഭവനങ്ങൾ മാനറുകൾ എന്നാണറിയപ്പെടുന്നത്. മാനറിനു ചുറ്റുമായി നൂറുകണക്കിനു ഗ്രാമങ്ങൾ പ്രഭുവിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നു.ചെറിയ മനോറിയൽ എസ്റ്റേറ്റുകളിൽ 12 കുടുംബങ്ങളും വലിയതിൽ 50/60 കുടുംബങ്ങളും ഉണ്ടായിരുന്നു. ദൈനംദിന ജീവിതത്തിൽ ആവശ്യമായതെല്ലാം മാനോറിയൽ എസ്റ്റേറ്റുകളിൽ ലഭ്യമായിരുന്നു. പാടങ്ങളിൽ ധാന്യം വിളയിച്ചു. കൊല്ലപണിക്കാരും, ആശാരിമാരും പ്രഭുവിന്റെ ഉപകരണങ്ങളും പണിയായുധങ്ങളും നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. സ്ത്രീകൾ നെയ്ത്തു ശാലകളിലും കുട്ടികൾ വീഞ്ഞുനിർമ്മാണ ശാലകളിലും പണിയെടുത്തു. എസ്റ്റേറ്റിലെ വനങ്ങളിൽ പ്രഭുക്കന്മാർ നായാട്ട് നടത്തിയിരുന്നു. കൂടാതെ ഒരു പള്ളിയും കോട്ടമന്ദിരങ്ങളും, മേച്ചിൽപ്പുറങ്ങളും അവിടെ ഉണ്ടായിരുന്നു.

**2. ഫ്യൂഡൽ സമൂഹത്തിൽ യോദ്ധാക്കളുടെ (നൈറ്റുകൾ) പങ്ക് വിവരിക്കുക.**

- ഒൻപതാം നൂറ്റാണ്ടു മുതൽ യൂറോപ്പിൽ പ്രാദേശിക യുദ്ധങ്ങൾ പതിവായി. ഈ യുദ്ധങ്ങൾക്ക് കർഷക പടയാളികൾ പര്യാപ്തമായിരുന്നില്ല. മികച്ച കുതിരപ്പടയാളികളെ ആവശ്യമായി വന്നു. ഇത് നൈറ്റുകൾ എന്നറിയപ്പെടുന്ന യോദ്ധാക്കളുടെ വർഗത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കി. നൈറ്റുകൾ പ്രഭുക്കളുമായി ബന്ധപ്പെട്ടവരാണ്. ഫീഫ് എന്നറിയപ്പെട്ട ഭൂമി പ്രഭു നൈറ്റു കൾക്ക് നല്കി. ഫീഫ് ഭൂമിയിൽ കൃഷി ചെയ്തിരുന്നത് കർഷകരായിരുന്നു. പകരമായി നൈറ്റുകൾ പ്രഭുക്കൾക്ക് ഒരു ക്രമീകൃതമായ ഫീസ് നൽകണമായിരുന്നു. ഒരു ഫീഫിൽ

നൈറ്റിന്റെ ഭവനം, പള്ളി,ആശ്രിതർക്കുള്ള ഭവനങ്ങൾ, ജലമില്ല്, വീഞ്ഞു നിർമ്മാണശാല എന്നിവ ഉണ്ടായിരുന്നു.

**3. സന്യാസിമഠങ്ങളുടെ സവിശേഷതകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദീകരിക്കുക.**

- ഏകാന്ത ജീവിതം സ്വീകരിച്ച ഭക്തരായ ക്രിസ്ത്യാനികളാണ് സന്യാസിമാർ (Monks). ഇവർ സന്യാസിമഠങ്ങളിൽ (ആശ്രമങ്ങൾ) മത സമൂഹങ്ങളായി നില കൊണ്ടു. അവർ പ്രാർത്ഥന, പഠനം, കൃഷി പോലുള്ള കായികാധ്വാനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരുന്നു. ഇവിടെ പുരുഷന്മാർക്കും (Monks) സ്ത്രീകൾക്കും (Nuns) പ്രവേശനമുണ്ടായിരുന്നു. സന്യാസിമഠങ്ങൾ ഭൂരിഭാഗവും ഏക ലിംഗ സമുദായങ്ങൾ ആയിരുന്നു. സന്യാസിമാരും കന്യാസ്ത്രീകളും വിവാഹം കഴിച്ചിരുന്നില്ല. സി.ഇ.529 ൽ വിശുദ്ധ ബനഡിക്ട് ഇറ്റലിയിലും സി.ഇ.910 ൽ ക്ലൂണി ബർഗണ്ടിയിലും സ്ഥാപിച്ചവയാണ് പ്രശസ്തമായ രണ്ട് ആശ്രമങ്ങൾ. ക്രമേണ സന്യാസിമഠങ്ങൾ വളർന്ന് നൂറുകണക്കിനു വ്യക്തികളും, എസ്റ്റേറ്റുകളും, കെട്ടിടങ്ങളുമൊക്കെയുള്ള വലിയ പ്രസ്ഥാനങ്ങളായി മാറി.

**4. നാലാം ക്രമം എന്ന സങ്കല്പം വിശദമാക്കുക.**

- കാർഷിക രംഗത്തുണ്ടായ വർദ്ധനവ് മൂന്ന് അനുബന്ധ മേഖലകളിൽ വളർച്ചയുണ്ടാക്കി: ജനസംഖ്യ, വ്യാപാരം, പട്ടണങ്ങൾ. റോമൻ സാമ്രാജ്യത്തിന്റെ പതനത്തോടെ അക്കാലത്തെ നഗരങ്ങൾ ഉപേക്ഷിക്കപ്പെടുകയോ, നശിക്കു കയോ ചെയ്തിരുന്നു.എന്നാൽ പതിനൊന്നാം നൂറ്റാണ്ടു മുതൽ പട്ടണങ്ങൾ വീണ്ടും വളർച്ച പ്രാപിച്ചു.നഗര ജനതയെ നിലനിർത്താനാവശ്യമായ മിച്ചോ ല്പാദനം നടത്താൻ കർഷകർക്ക് സാധിച്ചു. തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴി ക്കാനുള്ള വിപണന കേന്ദ്രം കർഷകർക്ക് ആവശ്യമായി വന്നു.ഇത് ചെറിയ ചന്തകളുടെയും വിപണന കേന്ദ്രങ്ങളുടെയും വളർച്ചയ്ക്ക് കാരണമായി. നഗരങ്ങളിൽ ജനങ്ങൾ ചെയ്യുന്ന ജോലിക്ക് കൂലി ലഭിച്ചിരുന്നു. കർഷക കുടുംബങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് ജന്മിയുടെ നിയന്ത്രണത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും നഗരങ്ങളിൽ ലഭിച്ചു. ഗ്രാമങ്ങളിൽ നിന്ന് രക്ഷപ്പെട്ടു വന്ന കർഷകരും അടിയാളരും വ്യാപാരികളും, കടയുടമകളും, ബാങ്കർമാരും, വക്കിലന്മാരുമെല്ലാം നഗരങ്ങളിൽ താമസിച്ചിരുന്നു. വലിയ പട്ടണങ്ങളിൽ മുപ്പതിനായിരത്തോളം ആളുകൾ ഉണ്ടായിരുന്നു.ഇവരെയാണ് ഒരു നാലാം ക്രമമായി കണക്കാക്കപ്പെട്ടിരുന്നത്.

**5. ഗിൽഡുകൾ എന്താണ്?**

- സാമ്പത്തിക സംഘടനയുടെ അടിസ്ഥാനം ഗിൽഡുകൾ ആയിരുന്നു. കൈത്തൊഴിലുകാരുടെ സംഘടനയാണ് ഗിൽഡ്. ഉല്പന്നത്തിന്റെ ഗുണമേന്മ, വില, വില്പന എന്നിവ നിയന്ത്രിച്ചിരുന്നത് ഗിൽഡുകളാണ്. ഗിൽഡ് ഹാളുകൾ ഓരോ നഗരത്തിന്റെയും സവിശേഷതയാണ്.ഗിൽഡുകളുടെ തലവന്മാർ ഔപചാരിക മായി കണ്ടുമുട്ടുന്നത് ഇവിടെ വെച്ചാണ്.

**6. കത്തീഡ്രൽ നഗരങ്ങളെ കുറിച്ച് ഒരു കുറിപ്പെഴുതുക.**

- പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ഫ്രാൻസിൽ കത്തീഡ്രലുകൾ നിർമ്മിച്ചു തുടങ്ങി. വലിയ പള്ളികളെയാണ് കത്തീഡ്രലുകൾ (ഭദ്രാസനപള്ളികൾ) എന്നു വിളി ക്കുന്നത്. ഇവയുടെ നിർമ്മാണത്തിന് ധാരാളമാളുകൾ സംഭാവനകൾ നൽകിയിരുന്നു. ശിലകൾ കൊണ്ടാണ് ഭദ്രാസന പള്ളികൾ നിർമ്മിച്ചിരുന്നത്. അവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ ജനനിബിഡമായിത്തീരുകയും ക്രമേണ തീർത്ഥാടന കേന്ദ്രങ്ങളായി മാറുകയും ചെയ്തു. അവയ്ക്ക് ചുറ്റും ചെറുപട്ടണങ്ങൾ ഉയർന്നു വരികയുണ്ടായി. ചിത്രപ്പണിയുള്ള ചില്ലുകളാണ് ജനാലകളിൽ ഉപയോഗിച്ചിരുന്നത്. പകൽ സമയത്ത് സൂര്യപ്രകാശം അവയിൽ തട്ടി പള്ളിക്കകത്തുള്ളവർക്ക് ചിത്രങ്ങൾ ദൃശ്യമാക്കി. സൂര്യാസ്തമയത്തിനു ശേഷം മെഴുകുതിരി നാളങ്ങൾ പുറത്തുള്ളവർക്കും ദൃശ്യാനുഭവം പകർന്നു നൽകി. ബൈബിൾ കഥകളാണ് ജനാല ചില്ലുകളിൽ വിവരിച്ചിരുന്നത്.

**7.യൂറോപ്പിലെ പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധിയെ ചുരുക്കി വിവരിക്കുക**

- പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ വടക്കൻ യൂറോപ്പിൽ ഊഷ്മളമായ കാലാവസ്ഥ കൊടും ശൈത്യത്തിന് വഴിമാറി. ഈ മാറ്റം കൃഷിയെ സാരമായി ബാധിച്ചു. കൊടുങ്കാറ്റുകളും പ്രളയവും കൃഷിയെ നശിപ്പിച്ചു. ഇതേ തുടർന്ന് ഗവൺമെന്റിന്റെ നികുതി വരുമാനത്തിൽ വലിയ ഇടിവുണ്ടായി. പതിമൂന്നാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന അനുകൂല കാലാവസ്ഥ ഉപയോഗപ്പെടുത്തി കർഷകർ കാടും പുൽമേടുകളും കൃഷിക്ക് ഉപയുക്തമാക്കി.തുടർച്ചയായ കൃഷി മണ്ണിന്റെ വളക്കൂറിനെ നഷ്ടപ്പെടുത്തി. പുൽമേടുകൾ കുറഞ്ഞത് കന്നുകാലി കളുടെ എണ്ണം കുറയുന്നതിനിടയാക്കി.1315 നും 1317 നും മധ്യേ യൂറോപ്പിൽ ക്ഷാമങ്ങൾ പൊട്ടിപ്പുറപ്പെട്ടു. കന്നുകാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങി.

- ലോഹം കൊണ്ടുള്ള പണത്തിന്റെ ക്ഷാമം വ്യാപാരത്തകർച്ചയ്ക്ക് കാരണമായി. ആസ്ട്രിയ, സെർബിയ എന്നിവിടങ്ങളിലെ വെള്ളി ഖനികളിൽ വെള്ളിയുടെ ലഭ്യത കുറവുണ്ടായി.
- പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ വ്യാപാരം വർധിച്ചു. വിദൂരദേശങ്ങളിൽ നിന്നുള്ള ചരക്കുകപ്പലുകൾ യൂറോപ്യൻ തുറമുഖങ്ങളിലെത്തി.ഈ കപ്പലുകളിൽ പ്ലേഗ് വാഹകരായ ധാരാളം എലികൾ ഉണ്ടായിരുന്നു. പ്ലേഗ് (Black Death) പടിഞ്ഞാറൻ യൂറോപ്പിൽ പടർന്നു പിടിക്കുകയും അനേകം പേരുടെ ജീവന പഹരിക്കുകയും ചെയ്തു.

**8. പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധി യൂറോപ്പിൽ സാമൂഹികമായ അസ്വസ്ഥതകളും രാഷ്ട്രീയ മാറ്റങ്ങളും സൃഷ്ടിച്ചു.ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.**

സാമൂഹ്യഅസ്വസ്ഥത

- കാർഷികോല്പന്നങ്ങളുടെ വില കുറയുകയും കൂലി വർധിക്കുകയും ചെയ്തതോടെ പ്രഭുക്കന്മാരുടെ വരുമാനത്തിൽ കുറവുണ്ടായി. നിരാശരായ പ്രഭുക്കന്മാർ പണ ക്കരാറുകൾ ഉപേക്ഷിക്കുകയും തൊഴിലാളികളുടെ സേവനം പുന:സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു.കർഷകർ ഇതിനെ ശക്തമായി എതിർത്തു. ഫ്ളാൻഡേഴ്സിലും (1323) ഫ്രാൻസിലും (1358) ഇംഗ്ലണ്ടിലും (1381) കർഷക കലാപങ്ങൾ പൊട്ടിപുറപ്പെട്ടു. ഈ കലാപങ്ങൾ അടിച്ചമർത്തപ്പെട്ടെങ്കിലും പഴയ ഫ്യൂഡൽ ബന്ധങ്ങൾ തിരികെ കൊണ്ടുവരാൻ കഴിയില്ലെന്ന് കർഷക സമരങ്ങളുടെ തീവ്രത വ്യക്തമാക്കി കൊടുത്തു.

രാഷ്ട്രീയ മാറ്റങ്ങൾ

- പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ യൂറോപ്യൻ രാജാക്കന്മാർ തങ്ങളുടെ സൈനിക സാമ്പത്തികാധികാരങ്ങൾ വർധിപ്പിച്ചു. ഫ്രാൻസിലെ ലൂയി പതിനാലാമൻ, ആസ്ട്രിയയിലെ മാക്സ് മില്യൻ, ഇംഗ്ലണ്ടിലെ ഹെൻറി ഏഴാമൻ, സ്പെയിനിലെ ഇസബെല്ല , ഫെർഡിനാന്റ് എന്നിവരെല്ലാം സർവ്വാധിപതികളായിരുന്നു. ഇവരെ പുതിയ ഏകാധിപതികൾ എന്നു വിളിച്ചു. ഇവർ സ്ഥിരം സൈന്യം, ഉദ്യോഗസ്ഥ വൃന്ദം എന്നിവ രൂപീകരിക്കുകയും ദേശീയ നികുതി പിരിവ് നടപ്പിലാക്കുകയും ചെയ്തു.
- ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ചയും ശക്തമായ സൈന്യത്തിന്റെ രൂപീകരണവും രാജാക്കന്മാരുടെ ശക്തി വർദ്ധിപ്പിച്ചു. രാജാവ് ആശ്രിത സമൂഹത്തിന്റെ കേന്ദ്ര

ബിന്ദുവും, രക്ഷാധികാരി സംരക്ഷിത ബന്ധങ്ങളുടെ കേന്ദ്രസ്ഥാനവുമായി മാറി. രക്ഷാധികാരം ഉറപ്പാക്കുന്നതിന് പണം ഒരു ഉപാധിയായി മാറി. പ്രഭുക്കന്മാരല്ലാത്ത വ്യാപാരികൾ, ബാങ്കർമാർ തുടങ്ങിയവർ രാജാക്കന്മാർക്ക് പണം നൽകി. അങ്ങനെ ഫ്യൂഡലിതര ഘടകങ്ങൾ ഭരണവ്യവസ്ഥയിൽ കടന്നുകൂടി.ഇത്തരം മാറ്റങ്ങളാണ് ഫ്രാൻസിന്റെയും ഇംഗ്ലണ്ടിന്റെയും പിൽക്കാല ചരിത്രത്തെ രൂപപ്പെടുത്തിയത്. ഫ്രാൻസിലെ ദേശീയ പാർലമെൻറായ എസ്റ്റേറ്റ് ജനറൽ 1614 നു ശേഷം 1789 വരെ വിളിച്ചു ചേർക്കപ്പെട്ടില്ല. ഇംഗ്ലണ്ടിലാകട്ടെ ചാൾസ് ഒന്നാമൻ പതിനൊന്നു വർഷം പാർലമെന്റ് വിളിച്ചു ചേർക്കാതെ ഭരണം നടത്തുകയുണ്ടായി. ഇന്ന് ഫ്രാൻസിൽ ഒരു റിപ്പബ്ലിക്കൻ ഭരണകൂടവും ഇംഗ്ലണ്ടിൽ രാജവാഴ്ചയുമാണ് നിലനിൽക്കുന്നത്.

**9. മധ്യകാല യൂറോപ്യൻ സമൂഹത്തിലെ മൂന്ന് വിഭാഗങ്ങളുടെ സവിശേഷതകൾ വിശദീകരിക്കുക.**

മധ്യകാല യൂറോപ്പിലെ മൂന്ന് സാമൂഹിക വിഭാഗങ്ങളാണ് പുരോഹിതർ, ഭൂപ്രഭുക്കന്മാർ, കർഷകർ. ഈ മൂന്നു വിഭാഗങ്ങൾക്കിടയിലെ ബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ യൂറോപ്യൻ ചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു.

1. <u>പുരോഹിത വർഗം (ഒന്നാമത്തെ വിഭാഗം)</u>

- യൂറോപ്പിലെ ശക്തവും സമ്പന്നവുമായ സ്ഥാപനമായിരുന്നു കത്തോലിക്ക സഭ. സഭയുടെ തലവൻ പോപ്പ് ആയിരുന്നു. അദ്ദേഹം റോമിലാണ് താമസിച്ചിരുന്നത്. ബിഷപ്പുമാർ മതരംഗത്തെ പ്രഭുക്കന്മാരായിരുന്നു. ബിഷപ്പുമാരും , പുരോഹിതന്മാരും ചേർന്നതായിരുന്നു ഒന്നാം വർഗം. കർഷകരിൽ നിന്ന് അവർ ടൈഡ് (Tithe) എന്ന പേരിലുള്ള നികുതി പിരിച്ചെടുത്തിരുന്നു. ഫ്യൂഡൽ ആചാരങ്ങളിൽ ചിലത് സഭ സ്വീകരിച്ചിരുന്നു. സഭയക്ക് അവരുടേതായ നിയമങ്ങൾ ഉണ്ടായിരുന്നു. അടിമകൾക്കും ,അംഗപരിമിതർക്കും, സ്ത്രീകൾക്കും പൗരോഹിത്യം നിഷേധിക്കപ്പെട്ടിരുന്നു. പുരോഹിതർ വിവാഹം കഴിക്കാൻ പാടില്ലായിരുന്നു. സന്യാസി മഠങ്ങളിൽ ഏകാന്ത ജീവിതം നയിച്ചിരുന്നവരാണ് സന്യാസിമാർ (Monks)

2. <u>പ്രഭു വർഗം ( രണ്ടാമത്തെ വിഭാഗം)</u>

- ഭൂമിയുടെ നിയന്ത്രണാധികാരം പ്രഭു വർഗത്തിനായിരുന്നു. ഇവർ രാജാവിന്റെ ആശ്രിതരായിരുന്നു.പ്രഭുവിന് പ്രത്യേക അധികാരങ്ങൾ ഉണ്ടായിരുന്നു. സ്വന്ത

മായി സൈന്യം രൂപീകരിക്കാനുള്ള അധികാരവും പ്രഭുക്കന്മാർക്കു ണ്ടായിരുന്നു (ഫ്യൂഡൽലെവീസ്) നീതിന്യായധികാരം, നാണയം പുറത്തിറക്കാനുള്ള അധി കാരം എന്നിവയും ഉണ്ടായിരുന്നു. വിശാലമായ ഭൂസ്വത്തിന് ഉടമയായിരുന്നു പ്രഭു. അതിൽ പ്രഭുവിന്റെ കൊട്ടാരം, സ്വകാര്യ കൃഷി സ്ഥലം, മേച്ചിൽപ്പുറം, കുടിയാന്മാരുടെ വീടുകൾ , കൃഷിയിടങ്ങൾ എന്നിവയുൾപ്പെട്ടി രുന്നു. പ്രഭുവിന്റെ ഭവനം മാനർ എന്നറിയപ്പെട്ടു. പ്രഭുക്കളുമായി ബന്ധപ്പെട്ട യോദ്ധാക്കളുടെ വർഗമാണ് നൈറ്റുകൾ. പ്രഭുക്കൾ ഫീഫ് എന്നറിയപ്പെട്ട ഭൂമി നൈറ്റുകൾക്ക് നൽകിയിരുന്നു.

3. <u>കർഷകർ (മൂന്നാമത്തെ വിഭാഗം)</u>

- ഫ്യൂഡൽ സമൂഹത്തിലെ മൂന്നാമത്തെ വിഭാഗമായ കർഷകർ രണ്ടു തരത്തിൽ ഉണ്ടായിരുന്നു.
- I. സ്വതന്ത്ര കർഷകർ :- പ്രഭുവിന്റെ കുടിയാന്മാർ എന്ന നിലയിൽ ഇവർ ഭൂമി കൈവശം വെച്ചിരുന്നു. അവർ വർഷത്തിൽ 40 ദിവസം പ്രഭുവിന് വേണ്ടി സൈനിക സേവനം അനുഷ്ഠിക്കണമായിരുന്നു. ആഴ്ചയിൽ 3 ദിവസം അവർ പ്രഭുവിന്റെ എസ്റ്റേറ്റിൽ പ്രതിഫലമില്ലാതെ ജോലി ചെയ്യണം. കിടങ്ങ് കുഴിക്കുക, വിറക് ശേഖരിക്കുക, വേലി കെട്ടുക, റോഡുകളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ ചെയ്യുക എന്നീ സൗജന്യ സേവനങ്ങളും ഇവർ പ്രഭുവിന് നൽകണം കർഷകരിൽ നിന്ന് രാജാവ് ഈടാക്കിയിരുന്ന നികുതി ടെയ്‌ലി എന്നറിയപ്പെടുന്നു.
- II. അസ്വതന്ത്ര കർഷകർ (അടിയാളർ) :- സ്വന്തമായി ഭൂമിയില്ലാത്ത പ്രഭുവിന്റെ ഭൂമിയിൽ കൃഷി ചെയ്തിരുന്നവരാണ് അടിയാളർ. അവരുടെ ജോലിക്ക് കൂലി ലഭിച്ചിരുന്നില്ല. ഉല്പന്നങ്ങളിൽ ഭൂരിഭാഗവും പ്രഭുവിന് നൽകേണ്ടി വന്നു. പ്രഭുവിന്റെ അനുവാദമില്ലാതെ എസ്റ്റേറ്റ് വിട്ടു പോകാനുള്ള അവകാശം അവർക്കുണ്ടായിരുന്നില്ല ധാന്യം പൊടിക്കുന്നതിന് പ്രഭുവിന്റെ മില്ലുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അടിയാളർ ആരെ വിവാഹം ചെയ്യണമെന്ന് തീരുമാനിക്കുന്നത് പോലും പ്രഭുവായിരുന്നു.

**10.മധ്യകാല യൂറോപ്യൻ സമൂഹത്തിലെ സാമൂഹിക സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിച്ച ഘടകങ്ങളെ വിശദീകരിക്കുക.**

മധ്യകാലഘട്ടത്തിൽ സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന ഒട്ടേറെ പ്രക്രിയ

കൾ ഉണ്ടായിരുന്നു.

I. പരിസ്ഥിതി

- അഞ്ചാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടുവരെ യൂറോപ്പിന്റെ ഭൂരിഭാഗവും വനനിബിഡമായിരുന്നു. കൃഷിഭൂമി വളരെ പരിമിതമായിരുന്നു. അസംതൃപ്തരായ കർഷകർ അഭയം പ്രാപിച്ചത് കാടുകളിലായിരുന്നു. യൂറോപ്പിൽ ഇക്കാലത്ത് തണുപ്പുള്ള കാലാവസ്ഥയായിരുന്നു. ഇത് വിളവിനെയും കൃഷിയെയും ദോഷ കരമായി ബാധിച്ചു. ഉല്പാദനം ഗണ്യമായി കുറഞ്ഞു. എന്നാൽ പതിനൊന്നാം നൂറ്റാണ്ടോടെ കാലാവസ്ഥ കൂടുതൽ ഊഷ്മളമായി. ശരാശരി താപനില വർദ്ധിക്കുകയും കാർഷിക രംഗത്ത് പ്രകടമായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു. നിലം ഉഴുതുമറിക്കാനും, മെച്ചപ്പെട്ട വിളവിറക്കാനും കർഷകർക്ക് സാധിച്ചു.

II. ഭൂമിയുടെ ഉപയോഗം

- തുടക്കത്തിൽ കാർഷിക സാങ്കേതിക വിദ്യ വളരെ പഴഞ്ചനായിരുന്നു. കാളകൾ വലിക്കുന്ന മരക്കലപ്പ മാത്രമാണ് കർഷകർക്ക് ഉണ്ടായിരുന്നത്. മണ്ണിന്റെ ഉപരിതലം ഉഴുതുമറിക്കാൻ മാത്രമേ ഇതുകൊണ്ട് സാധിച്ചിരുന്നുള്ളൂ. അതിനാൽ മണ്ണിന്റെ പൂർണ്ണമായ ഉല്പാദനക്ഷമത അവർക്ക് ലഭിച്ചില്ലെന്നു മാത്രമല്ല കൃഷി കൂടുതൽ അധ്വാന കേന്ദ്രിതമായിത്തീരുകയും ചെയ്തു. വിളമാറ്റകൃഷിരീതിയായിരുന്നു നില വിലുണ്ടായിരുന്നത്. ഭൂമിയെ രണ്ടായി വിഭജിച്ച് ഒരു ഭാഗത്ത് ഗോതമ്പ് കൃഷി ചെയ്യുകയും മറുഭാഗം തരിശായി ഇടുകയും ചെയ്യും. മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുത്തുന്നതിനും ക്ഷാമത്തിനും പോഷകാഹാരക്കുറവിനും ഇത് കാരണ മായി.

III. പുതിയ കാർഷിക സാങ്കേതിക വിദ്യ

- **പതിനൊന്നാം നൂറ്റാണ്ടോടെ കാർഷിക രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ** കടന്നു വന്നു. പഴയ മരക്കലപ്പയ്ക്ക് പകരം ഇരുമ്പു കൊഴുഘടിപ്പിച്ച കലപ്പകൾ രംഗത്ത് വന്നു ഇതുപയോഗിച്ച് മണ്ണ് ആഴത്തിൽ ഉഴുതുമറിക്കാർ സാധിച്ചു. മോൽഡ് ബോർഡ് ഉപയോഗിച്ച് മണ്ണ് നിരത്താനും കഴിഞ്ഞു.മൃഗങ്ങളുടെ കഴുത്തു പട്ടയ്ക്ക് പകരം തോൾ പട്ട ഉപയോഗിക്കാൻ തുടങ്ങി. കുതിരകൾക്ക് ഇരുമ്പ് ലാടങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ അവയുടെ കാല്പാദങ്ങളുടെ തേയ്മാനം കുറഞ്ഞു.രണ്ടു നിലങ്ങളിൽ ഇട വിട്ട് നടത്തുന്ന കൃഷി സമ്പ്രദായത്തിൽ നിന്ന് മൂന്നുനിലങ്ങളിൽ ഇടവിട്ട് കൃഷി ചെയ്യുന്ന സമ്പ്രദായം നിലവിൽ വന്നു. ഇതനു

സരിച്ച് കൃഷിഭൂമിയെ മൂന്ന് ഭാഗങ്ങളാക്കി തിരിച്ചു. ഒരു നിലം തരിശിട്ട് മറ്റു രണ്ടെണ്ണങ്ങളിൽ വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്ന രീതിയാണിത്. ഓരോ വർഷവും മൂന്നു വയലുകളിലും വിളമാറ്റ കൃഷി ചെയ്തു. ഒന്നിൽ ശരത്കാലത്ത് ഗോതമ്പോ, വരകോ കൃഷി ചെയ്യുന്നു.രണ്ടാമത്തേതിൽ വസന്ത കാലത്ത് പയറും ബീൻസും കുതിരകൾക്ക് ഓട്സോ ബാർലിയോ കൃഷി ചെയ്യുന്നു.മൂന്നാമത്തേത് തരിശിടുന്നു. കാർഷിക സാങ്കേതിക വിദ്യയുടെ വികാസം ഭക്ഷ്യോല്പാദനം വർധിക്കുന്നതിനിടയാക്കി. പയർ, ബീൻസ് എന്നിവയുടെ ഉല്പാദനത്തിലൂടെ യൂറോപ്യന്മാരുടെ ഭക്ഷണത്തിലെ പ്രോട്ടീന്റെ അളവ് വർധിച്ചു.കൂടാതെ കാലിത്തീറ്റയും ലഭ്യമായി. കുറച്ച് ഭൂമിയിൽ നിന്നും കൂടുതൽ ഉല്പാദിപ്പിക്കാൻ കർഷകർക്ക് കഴിഞ്ഞു. പതിനൊന്നാം നൂറ്റാണ്ടു മുതൽ പ്രഭുക്കൾ പാട്ടവും നികുതിയും പണമായി ആവശ്യപ്പെടാൻ തുടങ്ങി. കർഷകർ അവരുടെ ഉല്പന്നങ്ങൾ കച്ചവടക്കാർക്ക് പണത്തിന് വില്പന നടത്താൻ ആരംഭിച്ചു. പണത്തിന്റെ വർധിച്ച ഉപയോഗം വിലയെ ബാധിച്ചു.

*****************************************

# 7. മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ
# (Changing Cultural Traditions)

**1.പതിനാലാം നൂറ്റാണ്ടിലെ ഇറ്റാലിയൻ നഗരങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക**

- പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം ഇറ്റലിയിലെ പ്രധാന നഗരങ്ങൾ നാശത്തെ നേരിട്ടു. അവിടെ ഏകീകൃതമായ ഒരു ഗവൺമെന്റ് ഉണ്ടായിരുന്നില്ല. ബൈസാന്റിയൻ സാമ്രാജ്യവും ഇസ്ലാമിക സാമ്രാജ്യവും തമ്മിലുള്ള വ്യാപാരം ഇറ്റാലിയൻ തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിനിടയാക്കി. ചൈനയും യൂറോപ്പും തമ്മിലുള്ള വ്യാപാരത്തിലും ഇറ്റാലിയൻ നഗരങ്ങൾ മുഖ്യ പങ്കുവഹിക്കുകയുണ്ടായി. ഇറ്റാലിയൻ നഗരങ്ങളിൽ ഫ്ലോറൻസും, വെനീസും റിപ്പബ്ലിക്കുകളായിരുന്നു. മറ്റുള്ളവയിൽ മിക്കതും രാജകുമാരന്മാർ ഭരിക്കുന്ന കൊട്ടാര നഗരങ്ങളായിരുന്നു. ഫ്ലോറൻസും, വെനീസും സജീവ നഗരങ്ങളായിരുന്നു. ഈ നഗരങ്ങൾ യൂറോപ്പിലെ മറ്റ് പ്രദേശങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തമായിരുന്നു. ഇവിടങ്ങളിൽ പ്രഭു - പുരോഹിതവർഗങ്ങൾക്ക് രാഷ്ട്രീയ മേൽക്കോയ്മ ഉണ്ടായിരുന്നില്ല. ധനിക വ്യാപാരികളും ബാങ്കർമാരും

നഗരങ്ങളുടെ ഭരണത്തിൽ സജീവ പങ്കാളികളായിരുന്നു.ഇത് പൗരത്വം എന്ന ആശയം ഉടലെടുക്കുന്നതിന് സഹായകമായി.

**2. മാനവികതയുടെ വികാസത്തിൽ മധ്യകാല യൂറോപ്പിലെ സർവകലാശാലകൾ വഹിച്ച പങ്ക് വിലയിരുത്തുക.**

- യൂറോപ്പിലെ ആദ്യകാല സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടത് ഇറ്റാലിയൻ നഗരങ്ങളിലാണ്. പാദുവ, ബൊളോഗ്ന യൂണിവേഴ്സിറ്റികൾ പതിനൊന്നാം നൂറ്റാണ്ട് മുതൽ നിയമപഠനത്തിന്റെ കേന്ദ്രങ്ങളായിരുന്നു.നഗരത്തിലെ മുഖ്യ പ്രവർത്തനം വാണിജ്യമായതിനാൽ വക്കീലന്മാരുടെയും, നോട്ടറിമാരുടെയും ആവശ്യം വർദ്ധിച്ചു.നിയമം ഒരു ജനപ്രിയ പാഠ്യവിഷയമായിത്തീർന്നു. നിയമം ആദ്യകാല റോമൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കപ്പെട്ടു. ഇത്തരമൊരു മാറ്റത്തിന്റെ വക്താവ് ഫ്രാൻസിസ്കോ പെട്രാർക്കാണ്. ഹ്യുമാനിറ്റസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത് റോമൻ നിയമജ്ഞനും, ഉപന്യാസകാരനുമായ സിസറോ ആണ്. വ്യാകരണം, കവിത, ചരിത്രം, തത്വ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ആധികാരിക ജ്ഞാനമുള്ളവരെയാണ് പതിനഞ്ചാം നൂറ്റാണ്ടിൽ മാനവികതാവാദി എന്ന് വിശേഷിപ്പിച്ചിരുന്നത്.മാനവിക വിഷയങ്ങൾ മതവുമായി ബന്ധമുള്ളതോ അവയിൽ നിന്ന് രൂപപ്പെട്ടതോ ആയിരുന്നില്ല. ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും വ്യക്തികൾ രൂപപ്പെടു ത്തിയ നൈപുണ്യത്തിനാണിവ പ്രാധാന്യം നല്കിയത്.മാനവിക ആശയങ്ങൾ മറ്റ് സർവകലാശാലകളെയും സ്വാധീനിച്ചു.

**3. നവോത്ഥാന മനുഷ്യൻ എന്ന പദം കൊണ്ടർത്ഥമാക്കുന്നതെന്ത്?**

- പലതരത്തിലുള്ള താത്പര്യങ്ങളും കഴിവുകളുമുള്ള മനുഷ്യരെ വിശേഷിപ്പി ക്കുന്നതിന് ഉപയോഗിക്കുന്ന പദമാണ് നവോത്ഥാന മനുഷ്യൻ അവർ ഒന്നിലധികം മേഖലകളിൽ കഴിവ് തെളിയിച്ചവരായിരുന്നു. പണ്ഡിതൻ, നയതന്ത്രജ്ഞൻ, കലാകാരൻ, ദൈവശാസ്ത്രജ്ഞൻ, എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ബഹുമുഖ പ്രതിഭകൾ ആയിരുന്നു ഇക്കാലത്തെ പ്രശസ്തരായ പല വ്യക്തികളും.

**4. ചരിത്രത്തിന്റെ മാനവിക വീക്ഷണത്തിന്റെ സവിശേഷതകൾ വിവരിക്കുക.**

- റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം ഒരു ഇരുണ്ട യുഗം ആരംഭിച്ചുവെന്ന് ഹ്യുമനിസ്റ്റുകൾ വിശ്വസിച്ചു. ഹ്യുമനിസ്റ്റുകളെ പിന്തുടർന്ന പിൽക്കാല പണ്ഡിതന്മാർ പതിനാലാം നൂറ്റാണ്ട് മുതൽ ഒരു പുതിയ യുഗം` രൂപം കൊണ്ടെന്ന് വിശ്വസിച്ചു. റോമിന്റെ പതനത്തിനു ശേഷമുള്ള ആയിരം വർഷത്തെ അവർ മധ്യയുഗം / മധ്യകാലഘട്ടം എന്നു വിളിച്ചു. മധ്യയുഗത്തിൽ സഭ മനുഷ്യ മനസിന്റെ മേൽ സമ്പൂർണ്ണ നിയന്ത്രണം സ്ഥാപിച്ചുവെന്നും ഗ്രീക്ക്, റോമൻ വിജ്ഞാനമെല്ലാം തുടച്ചു നീക്കപ്പെട്ടുവെന്നും വാദിച്ചു. പതിനഞ്ചാം നൂറ്റാണ്ടു മുതലുള്ള കാലഘട്ടത്തെ ഹ്യുമനിസ്റ്റുകൾ ആധുനിക കാലം എന്നു വിളിച്ചു.

**5. നവോത്ഥാന കാലഘട്ടത്തിന്റെ പ്രത്യേകതകളായ സ്വത്വബോധം, പൗരത്വം എന്നിവയിൽ നിന്നെല്ലാം സ്ത്രീകൾ ഒഴിവാക്കപ്പെട്ടിരുന്നു. ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.**

- പുത്തൻ സങ്കല്പങ്ങളായ വ്യക്തിത്വം, പൗരത്വം എന്നിവയിൽ നിന്ന് സ്ത്രീകൾ ഒഴിവാക്കപ്പെട്ടിരുന്നു.പൊതു ജീവിതത്തിൽ മേധാവിത്വം പുലർത്തിയിരുന്നതും കുടുംബങ്ങളിൽ തീരുമാനമെടുത്തിരുന്നതും കുലീന കുടുംബങ്ങളിലെ പുരുഷന്മാരായിരുന്നു. ഹ്യുമനിസ്റ്റ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ പ്രതിഭാശാലികളായ ചുരുക്കം ചില വനിതകൾ ഇക്കാലത്ത് ജീവിച്ചിരുന്നു. വെനീസിലെ വിഖ്യാത എഴുത്തുകാരിയായിരുന്ന കസാൻഡ്ര ഫെദൽ, മാന്തുവ എന്ന ഒരു ചെറിയ രാജ്യത്തിന്റെ ഭരണം നിർവ്വഹിച്ചിരുന്ന ഇസബെല്ല ഡി എസ്ത് എന്നിവരാണ് ഇതിൽ പ്രധാനപ്പെട്ടത്. പുരുഷാധിപത്യമുള്ള ഈ ലോകത്ത് സാമ്പത്തികാധികാരവും, സമ്പത്തും, വിദ്യാഭ്യാസവും ആർജിച്ചു കൊണ്ട് സ്ത്രീകൾക്ക് സ്വന്തമായൊരു വ്യക്തിത്വം വളർത്തിയെടുക്കാൻ കഴിയുമെന്നുള്ള ദൃഢവിശ്വാസമാണ് വനിതകളുടെ രചനകൾ വെളിവാക്കുന്നത്.

**6. പ്രൊട്ടസ്റ്റന്റ് റിഫോമേഷന്റെ (മതനവീകരണം) സവിശേഷതകൾ എന്തൊക്കെ?**

- മാനവിക ആശയങ്ങൾ സഭയിലെ ധാരാളം ആളുകളെ ആകർഷിക്കുകയു ണ്ടായി. പില്ക്കാലത്ത് കടന്നു കൂടിയ അനുഷ്ഠാനങ്ങളെ തള്ളിക്കളയാനും ലളിതമായ ഒരു മത ജീവിതത്തിലേക്ക് മടങ്ങാനും അവർ സഭാംഗങ്ങളെ

ആഹ്വാനം ചെയ്തു. തോമസ്മൂർ, ഇറാ സ്മസ് എന്നീ ക്രിസ്ത്യൻ ഹ്യുമനിസ്റ്റുകൾ സഭയുടെ അത്യാഗ്രഹം, പണപ്പിരിവ് (പാപവിമോചന പത്രികയുടെ വില്പന) എന്നിവയെ എതിർത്തു.കത്തോലിക്കാ സഭയിലെ തിന്മകൾക്കും അനാചാര ങ്ങൾക്കുമെതിരെ ഉയർന്നു വന്ന പ്രതിഷേധ പ്രസ്ഥാനമാണ് പ്രൊട്ടസ്റ്റന്റ് മതനവീകരണ പ്രസ്ഥാനം. ജർമ്മനിയിലെ യുവ സന്യാസിയായ മാർട്ടിൻ ലൂഥർ സഭയ്ക്കെതിരെ ശക്തമായ പ്രചാരണമാരംഭിച്ചു.ഒരു വ്യക്തിക്ക് ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിന് പുരോഹിതരുടെ ആവശ്യമില്ലെന്ന് ലൂഥർ വാദിച്ചു. ദൈവത്തിൽ പൂർണ വിശ്വാസമർപ്പിക്കാൻ അദ്ദേഹം തന്റെ അനുയായികളോട് ആഹ്വാനം ചെയ്തു. വിശ്വാസം മാത്രമേ അവരെ ശരിയായ ജീവിതത്തിലേക്കും, സ്വർഗത്തിലേക്കും നയിക്കുകയുള്ളൂ. മതനവീകരണ പ്രസ്ഥാനം ജർമ്മനി യിലെയും സ്വിറ്റ്സർലണ്ടിലെയും പള്ളികളും കത്തോലിക്ക സഭയും പോപ്പു മായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിച്ചു. ലൂഥറിന്റെ ആശയങ്ങൾ സ്വിറ്റ്സർലണ്ടിലെത്തിച്ചത് ഉൾറിച്ച് സ്വിംഗ്ളിയും, ജീൻ കാൽവിനുമായിരുന്നു.

**7. പ്രതിമതനവീകരണ പ്രസ്ഥാനം എന്തെന്ന് നിർവ്വചിക്കുക.**

- പ്രൊട്ടസ്റ്റന്റ് മതനവീകരണ പ്രസ്ഥാനത്തിനെതിരെ കത്തോലിക്കാ സഭ ആരംഭിച്ച പരിഷ്ക്കരണ പ്രസ്ഥാനമാണ് പ്രതിമതനവീകരണ പ്രസ്ഥനം. സ്പെയിനിൽ ഈ പ്രസ്ഥാനത്തിന് നേതൃത്വം നല്കിയത് ഇഗ്നേഷ്യസ് ലയോളയാണ്.1540 ൽ അദ്ദേഹം ഈശോസഭ (Society of Jesus) എന്ന സംഘടന സ്ഥാപിച്ചു. ലയോളയുടെ അനുയായികൾ ജെസ്യൂട്ടുകൾ എന്നറിയപ്പെട്ടു. ദരിദ്രരെ സേവിക്കുക, മറ്റു സംസ്കാരങ്ങളെ കുറിച്ചുള്ള അറിവ് വിപുലീ കരിക്കുക എന്നിവയാണ് സംഘടനയുടെ പ്രധാന ദൗത്യം.

**8. കോപ്പർനിക്കൻ വിപ്ലവത്തെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.**

- ഭൂമി പാപപങ്കിലമായ ഒരു സ്ഥലമാണെന്നും കനത്ത പാപഭാരം അതിനെ നിശ്ചലമാക്കിയിരിക്കുകയാണെന്നും അക്കാലത്തെ ക്രിസ്ത്യാനികൾ വിശ്വസിച്ചു. പ്രപഞ്ച കേന്ദ്രം ഭൂമിയാണെന്നും ജ്യോതിർഗ്രഹങ്ങളെല്ലാം അതിനെ വലം വയ്ക്കുന്നുവെന്നും അവർ വിശ്വസിച്ചിരുന്നു.സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാ ണെന്നും ഭൂമിയും മറ്റു ഗ്രഹങ്ങളുമെല്ലാം സൂര്യനെ ഭ്രമണം ചെയ്യുന്നുവെന്ന് കോപ്പർനിക്കസ് സ്ഥിരീകരിച്ചു. യാഥാസ്ഥിതികരിൽ നിന്നുണ്ടായേക്കാവുന്ന

പ്രതികരണത്തെ ഭയന്ന് ദി റെവല്യൂഷനിബസ്  ( ഭ്രമണം) എന്ന തന്റെ ഗ്രന്ഥ ത്തിന്റെ കൈയെഴുത്ത് പ്രതി അദ്ദേഹം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയില്ല. പിന്നീട് ജോഹന്നസ് കെപ്ലർ തന്റെ കോസ്മോ ഗ്രാഫിക്കൽ മിസ്റ്ററി എന്ന ഗ്രന്ഥ ത്തിലൂടെ സൗര കേന്ദ്രീകൃത വ്യവസ്ഥയുടെ ഒരു ഭാഗമാണ് ഭൂമി എന്ന സിദ്ധാന്തത്തെ പ്രശസ്തമാക്കി.ഗ്രഹങ്ങൾ ഭൂമിയെ വലം വയ്ക്കുന്നത് വൃത്താ കൃതിയിലല്ല ദീർഘവൃത്താകൃതിയിലാണെന്ന് അദ്ദേഹം തെളിയിച്ചു. ചലനാ ത്മകമായ ലോകം എന്ന ധാരണയെ ഗലീലിയോ തന്റെ ദി മോഷൻ എന്ന ഗ്രന്ഥത്തിലൂടെ ശക്തമായി ഉറപ്പിച്ചു.ശാസ്ത്രരംഗത്തുണ്ടായ വിപ്ലവം അതിന്റെ പരമോന്നതിയിൽ എത്തിയത് ഐസക് ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്ത ത്തോടെയാണ്.

**9. ശാസ്ത്രം, തത്വചിന്ത, കല, വാസ്തുശില്പകല എന്നീ മേഖലകളിൽ മാനവികത ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുക .**

<u>ശാസ്ത്രം തത്വചിന്ത</u>

- പതിനാലാം നൂറ്റാണ്ടിൽ അറബികൾ പ്രാചീന ഗ്രീക്ക് റോമൻ കൃതികൾ പരിഭാഷപ്പെടുത്തുകയുണ്ടായി. പ്ലേറ്റോവിന്റെയും, അരിസ്റ്റോട്ടിലിന്റെയും പരിഭാഷ പ്പെടുത്തിയ കൃതികൾ യൂറോപ്യന്മാർ വായിക്കാൻ തുടങ്ങി. ഗ്രീക്കുകാർ പരിഭാഷ പ്പെടുത്തിയ അറബി പേർഷ്യൻ കൃതികൾ യൂറോപ്യന്മാർക്കിടയിലും പ്രചരിച്ചു. ടോളമി എഴുതിയ അൽമജെസ്റ്റ് എന്ന ഗ്രന്ഥം ഗ്രീക്കു ഭാഷയിൽ നിന്ന് അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഇബൻസിന, അൽ റാസി, ഇബ്ൻ റഷ്ദ് എന്നിവർ ഇറ്റാലിയൻ ലോകത്ത് പണ്ഡിതരായി കണക്കാക്കപ്പെട്ടിരുന്ന മുസ്ലിം എഴുത്തുകാരായിരുന്നു.

<u>കല</u>

- കലാകാരന്മാർ റോമൻ സംസ്കാരത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ തേടിച്ചെന്നു. റോമിൽ നിന്നും ഉപേക്ഷിക്കപ്പെട്ട നഗരങ്ങളിൽ നിന്നും കലകളുടെ അവശിഷ്ടങ്ങൾ കണ്ടെത്തി.നൂറ്റാണ്ടുകൾക്ക് മുമ്പ് കൊത്തിവെച്ച സമ്പൂർണ്ണ അനുപാതത്തിലുള്ള സ്ത്രീ പുരുഷരൂപങ്ങളെ അവർ പ്രശംസിച്ചു.ഡൊണാടെല്ലോ ജീവൻ തുടിക്കുന്ന പ്രതിമകൾ നിർമ്മിച്ച് ഇറ്റാലിയൻ ശില്പകലയ്ക്ക് ഒരു പുതിയ തുടക്കം കുറിച്ചു. അസ്ഥികളുടെ ഘടന പഠിക്കുന്നതിനായി കലാകാരന്മാർ മെഡിക്കൽ സ്കൂളു കളിലെ ലബോറട്ടറികൾ സന്ദർശിച്ചു. പാദുവ സർവ്വകലാശാലയിലെ വൈദ്യശാസ്ത്ര പ്രൊഫസറായ ആൻഡ്രിയാസ് വെസേലിയുസാണ് മനുഷ്യ ശരീരത്തെ ആദ്യമായി

കീറി മുറിച്ച് പരിശോധിച്ചത്.

- ചിത്രകാരന്മാർക്ക് പഴയ മാതൃകളൊന്നും ലഭ്യമായിരുന്നില്ല അതിനാൽ അവർ യഥാർത്ഥ രൂപത്തിലുള്ള ചിത്രങ്ങൾ വരച്ചു. ക്ഷേത്ര ഗണിതത്തെ കുറിച്ചുള്ള അറിവ് ചിത്രകാരന്മാരെ സഹായിച്ചു.പ്രകാശത്തിന്റെ തോതിൽ മാറ്റം വരുത്തി ചിത്ര ങ്ങൾക്ക് ത്രിമാന സ്വഭാവം നൽകി. ശരീര ഘടനാ ശാസ്ത്രം, ക്ഷേത്ര ഗണിതം, ഭൗതിക ശാസ്ത്രം, ശക്തമായ സൗന്ദര്യബോധം എന്നിവ ഇറ്റാലിയൻ കലയ്ക്ക് ഒരു പുത്തൻ ഗുണമേന്മ നൽകി." റിയലിസം" എന്നു വിളിക്കപ്പെട്ട ഈ ശൈലി പത്തൊമ്പതാം നൂറ്റാണ്ടുവരെ തുടർന്നു.

<u>വാസ്തുശില്പകല</u>

- പതിനഞ്ചാം നൂറ്റാണ്ടിൽ റോമാ നഗരം പുനരുജ്ജീവിക്കപ്പെട്ടു. പോപ്പുമാർ രാഷ്ട്രീയമായി ശക്തരായി.അവർ റോമിന്റെ ചരിത്ര പഠനത്തെ പ്രോൽസാ ഹിപ്പിച്ചു.പുരാവസ്തു ശാസ്ത്രജ്ഞർ റോമിന്റെ അവശിഷ്ടങ്ങൾ ശ്രദ്ധാപൂർവ്വം ഉൽഖനനം ചെയ്തു. ഇത് റോമൻ കലാ ശൈലിയുടെ പുനരുജീവനത്തിന് പ്രചോദനമേകി.ഇതിനെ ക്ലാസിക്കൽ ശൈലി എന്നു വിളിക്കുന്നു. പോപ്പുമാരും, സമ്പന്നരായ വ്യാപാരികളും, കുലീനരും, ക്ലാസിക്കൽ വാസ്തുശില്പികളുടെ സേവനം ഉപയോഗപ്പെടുത്തി. കെട്ടിടങ്ങളെ ചിത്രങ്ങൾ, ശില്പങ്ങൾ, കൊത്തുപണികൾ എന്നിവ കൊണ്ടലങ്കരിക്കുന്നതിന് കലാകാരന്മാരെയും ശില്പികളെയും നിയോഗിച്ചു.
 ചിത്രകല, ശില്പകല, വാസ്തുശില്പകല എന്നിവയിൽ ഒരു പോലെ കഴിവു തെളിയിച്ച വ്യക്തികൾ ഇക്കാലത്തുണ്ടായിരുന്നു. ഇതിൽ ഏറ്റവും പ്രമുഖനായ വ്യക്തി യായിരുന്നു മൈക്കലാഞ്ചലോ . പോപ്പിന് വേണ്ടി സിസ്റ്റൈൻ ചാപ്പലിന്റെ മച്ചിൽ വരച്ച ചിത്രങ്ങൾ, പിയത്ത എന്ന ശില്പം, സെന്റ് പീറ്റേഴ്സ് പള്ളിയുടെ താഴികക്കുടത്തിന് രൂപകല്പന എന്നിവ അദ്ദേഹത്തിന്റെ വിഖ്യാത സൃഷ്ടികളാണ്. ഫ്ളോറൻസിലെ ഡ്യൂമോയുടെ രൂപകല്പന നടത്തിയ ഫിലിപ്പോ ബ്രൂണലേഷിയാണ് മറ്റൊരു ശില്പി. കലാകാരന്മാർ ഒരു ഗ്രൂപ്പിലെ അഥവാ ഗിൽഡിലെ അംഗമെന്ന നിലയിലല്ല മറിച്ച് വ്യക്തിപരമായി അറിയപ്പെടാൻ തുടങ്ങിയെന്നതാണ് ഇക്കാലത്തെ പ്രധാന മാറ്റം.

****************************************************